# തിരുനബി(ﷺ)യുടെ പേരിലുള്ള സ്വലാത്തിന്‍റെ ശ്രേഷ്ഠതകള്‍

[ Malayalam -മലയാളം -مليالم]

രചന:

## ശൈഖ് അബ്ദുല്‍ മുഹ്സിന്‍ അബ്ബാദ് അല്‍ ഹമദ്

വിവര്‍ത്തനം :

**അബ്ദുല്‍ല്ലത്തീഫ് സുല്ലമി മാറഞ്ചേരി**

**പരിശോധന : അബ്ദുല്‍ റസാക് സ്വലാഹി**


കോഓപറേറ്റീവ് ഓഫീസ് ഫോര്‍ കാള്‍ ആന്‍റ് ഗൈഡന്‍സ്
റബ്'വ, റിയാദ് – സൗദി അറേബ്യ

Islamic Propagation Office in Rabwah
P.O.Box 29465 RIYADH 11457 – TEL 4454900 – 4916065
FAX: 4970126 - E-Mail: rabwah@islamhouse.com
http://www.islamhouse.com

islamhouse.com

1430H- 2009

# فضل الصلاة على النبي صلى الله عليه وسلم

## وبيان معناها وكيفيتها وشيء مما ألّف فيها

(باللغة المليباريه)

تأليف:

الشيخ/ عبد المحسن بن حمد العباد البدر حفظه الله

ترجمه: عبد اللطيف السلّمي

مراجعة: عبد الرزاق صلاحي

المكتب التعاوني للدعوة وتوعية الجاليات بالربوة

Islamic Propagation Office in Rabwah

P.O.Box 29465 RIYADH 11457 – TEL 4454900 – 4916065

FAX: 4970126 - E-Mail: rabwah@islamhouse.com

http://www.islamhouse.com

islamhouse.com

١٤٣٠هـ - ٢٠٠٩م

# വിവർത്തകക്കുറിപ്പ്

മാനവരാശിക്ക് മാർഗ്ഗദർശനത്തിന്റെ ദീപശിഖയുമായി നിയുക്തനായ അന്തിമ പ്രവാചകൻ ...സാംസ്കാരികാന്ധകാരത്തിന്റെ കരിമ്പടങ്ങൾ ആ ദീപശിഖയിൽ എരിഞ്ഞമർന്നു. അപ്പോൾ ധാർമ്മിക മൂല്യങ്ങളും സൻമാർഗ്ഗവും കയ്യിലേന്തി ഒരു സമുദായം ഔന്നത്യത്തിന്റെ മാതൃകാപുരുഷൻമാരായി മാറി. അവർക്ക് ദൈവിക മാർഗ്ഗദർശന ഗ്രന്ഥവുമായി നിയുക്തനായ പ്രവാചകൻ, ആ ശൃംഖലയിലെ അതി ശ്രേഷ്ഠരും അന്തിമനുമായിരുന്നു. ആ മഹാനുഭാവന്റെ ശ്രേഷ്ഠതകൾ പറഞ്ഞു തീർക്കുക അസാധ്യമാണ്. അവിടുത്തെ നാമം കേൾക്കുമ്പോഴും, പറയുമ്പോഴും എഴുതുമ്പോഴും ആദര സൂചകമായി പ്രാർത്ഥിക്കുന്നതും പുണ്യമായി കൽപ്പിക്കപ്പെട്ടു. മാത്രമല്ല, അങ്ങിനെ ചെയ്യാതിരിക്കുന്നത് പാപമായിട്ടാണ് ഇസ്ലാം പഠിപ്പിക്കുന്നത്. അത് കൊണ്ട് തന്നെ ഭൂമുഖത്തുള്ള വിശ്വാസികൾ ആയിരത്തി നാനൂറ് സംവത്സരങ്ങൾക്കപ്പുറം ജീവിച്ച ആ മഹാനായ പ്രവാചകന്റെ പേരിൽ നിത്യവും സ്വലാത്ത് ചൊല്ലുന്നു.

മുസ്ലിമിന്ന് പുണ്യം നേടാൻ പല കർമ്മാനുഷ്ഠാനങ്ങളുമുണ്ട്. പക്ഷെ അവ നൂറു ശതമാനവും സുന്നത്തിനോട് യോജിക്കുമ്പോൾ മാത്രമേ ഫല പ്രാപ്തി കരഗതമാവാൻ സാധ്യതയുള്ളൂ. അല്ലാത്തവയെല്ലാം വെറും പാഴ്വേലകളാവാൻ മാതമ്രേ തരമുള്ളൂ എന്നാൽ ഇന്നത്തെ മുസ്ലിം സമുദായം ഈ കാര്യത്തിൽ വളരെയധികം അശ്രദ്ധയിലാണ് കഴിയുന്നത്. അവർ നിർവ്വഹിക്കുന്ന ആരാധനകൾ നബി(ﷺ)യുടെ മാതൃക അനുസരിച്ചുതന്നെയാണോ തങ്ങൾ ചെയ്യുന്നതെന്ന്

അവർ ശ്രദ്ധിക്കുന്നില്ല എന്നതാണ് വസ്തുത. സൂക്ഷ്മ വിശകലനത്തിന് വിധേയമാക്കിയാൽ മുഴുവൻ ആരാധനാകർമ്മളിലും ഇത്തരത്തിലുള്ള പോരായ്മകൾ നമുക്ക് ദർശിക്കാനാവുന്നതാണ്.

സുന്നത്തിൽ സ്ഥിരപ്പെടാത്ത ധാരാളം വൈകൃത രൂപങ്ങളും, ധാരാളം ദുരാചാരങ്ങളും സ്വലാത്തിന്റെ പേരിൽ മുസ്‌ലിം സമുദായത്തിൽ ഇന്ന് പ്രചരിച്ചിരിക്കുന്നു. മാസങ്ങളിൽ ഏറ്റവും ശ്രേഷ്ഠമായ മാസമാണ് റമാദാൻ, അതിൽ ഏറ്റവും മഹത്വവും ഉൽകൃഷ്ടവുമായ ലൈലത്തുൽ ഖദ്ർ ഉൾക്കൊള്ളുന്ന അവസാനത്തെ പത്തിലെ നാളുകളിൽ വിശ്വാസികൾ പള്ളികളിൽ ഭജനമിരിക്കാനും, പ്രാർത്ഥനകളിലും, ദിക്ർ ദുആഉകളിലും നിമഗ്നരാവാനും വിനിയോഗിക്കാനുള്ള സമയമാണെന്നാണ് പ്രവാചകൻ സ്വല്ലല്ലാഹു അലൈഹി വസല്ലം നമ്മെ പഠിപ്പിച്ചത്. ആ വേളയിൽ പോലും മാതൃകയില്ലാത്ത സ്വലാത്തിന്റെ രൂപവും ശൈലിയും സ്വീകരിച്ച് പറമ്പുകളും വയലുകളും സ്വലാത്ത് നഗറുകളാക്കി മാറ്റി അവിടേക്ക് മുസ്‌ലിം സമൂഹത്തെ ഒന്നായി വലിച്ചിഴക്കപ്പെടുന്ന സങ്കടകരമായ കാഴ്ചയാണ് കാണാൻ സാധിക്കുന്നത്. വെള്ളിയാഴ്ച രാവുകളിലും ഈ സ്വലാത്ത് സദസ്സുകൾ സജീവമാവുന്ന കാഴ്ച പലയിടങ്ങളിലും സാർവ്വത്രികമായിരിക്കുന്നു. ഇതിനൊന്നും നബി(ﷺ)യുടേയോ സഹാബത്തിന്റേയോ മാതൃകയുണ്ടോ എന്ന് പണ്ഢിതന്മാരും, സംഘാടകരും സാധാരണക്കാരും ആലോചിക്കാറേയില്ല. മഹത്വ സമ്പൂഷ്ടമായ സ്വലാത്ത് പോലുള്ള ആരാധനകൾ പോലും ബിദ്അത്തുകൾ കൊണ്ട് മലീമസമാക്കിമാറ്റി നശിപ്പിക്കുന്ന ഹീനമായ തന്ത്രമാണ് പിശാച് സ്വീകരിച്ചിരിക്കുന്നത്. നിഷ്കളങ്കരായ വിശ്വാസികൾ ഇത്തരം

ഹീനമായ തന്ത്രങ്ങളെ കരുതിയിരിക്കണം എന്നുണർത്തുന്നു. അതിന് നേതൃത്വം നൽകുന്നവരും സൂക്ഷ്മത പാലിക്കേണ്ടിയിരിക്കുന്നു.

സ്വലാത്തിനെക്കുറിച്ച് ഇത്തരം വികലമായ വിശ്വാസങ്ങളിൽ സമൂഹം വ്യാപൃതമായിരിക്കുമ്പോൾ ആ സ്വലാത്തിന്റെ ആവശ്യകതയും അതിന്റെ മഹത്വവും ശ്രേഷ്ടതകളും വിശദമായി വിവരിക്കുന്ന

# فضل الصلاة على النّبي صلى الله عليه وسلّم

## وَ بَيَان مَعْنَاهَا و كَيفيتهَا وَشَيئ ممَّا أُلّفَ فيها

**(തിരുനബി(ﷺ)യുടെ പേരിലുള്ള സ്വലാത്തിൻെറ ശ്രേഷ്ഠതകളും, അതിന്റെ ആശയ വിശദീകരണവും, രൂപവും, അതുമായി ബന്ധപ്പെട്ട രചനകളും)** എന്ന കൃതി സുന്നത്ത് പിന്തുടർന്ന് പുണ്യം നേടാൻ സ്വലാത്ത് ചൊല്ലേണ്ടത് എങ്ങിനെ ആയിരിക്കണം എന്ന് നമ്മെ ബോധ്യപ്പെടുത്തുന്നു. മദീന ഇസ്ലാമിക് യൂണിവേഴ്സിറ്റിയുടെ മുൻ വൈസ് ചാൻസലറും അനേകം വർഷങ്ങളായി മസ്ജിദുന്നബവിയിൽ ദർസു നടത്തിക്കൊണ്ടിരിക്കുന്ന മുദരിസുമായ ശൈഖ് അബ്ദുൽ മുഹസിൻ അബ്ബാദ് അൽ ഹമദ് അറബിയിൽ രചിച്ച ഈ ഉത്തമ കൃതിയുടെ വിവർത്തനം മുസ്ലിം കേരളത്തിന് വഴികാട്ടിയാവുമെന്ന് പ്രതീക്ഷിക്കുന്നു.

ഇതിന്റെ പരിശോധനയിൽ സഹകരിച്ച അബ്ദുൽ റസാക് സ്വലാഹി, സുഫ്യാൻ അബ്ദുസ്സലാം എന്നിവർക്കും ഇത് പ്രസിദ്ധീകൃതമാക്കാൻ യത്നിച്ച റിയാദിലെ റബ്വ, കാൾ ആന്റ് ഗൈഡൻസ് സെന്റർ പ്രവർത്തകർക്കും അല്ലാഹു അർഹമായ പ്രതിഫലം

നൽകട്ടെ എന്ന് പ്രാർത്ഥിച്ചു കൊണ്ട് വായനക്കായ് നിങ്ങളുടെ മുമ്പിൽ സമർപ്പിക്കുന്നു.

എന്ന്
അബ്ദുൽ ലത്തീഫ് സുല്ലമി, മാറഞ്ചേരി.

## ശൈഖ് അബ്ദുൽമുഹ്സിൻ അൽ-അബ്ബാദ്

ശൈഖ് അബ്ദുൽമുഹ്സിൻ അൽ അബ്ബാദ് സൗദി അറേബ്യയിലെ അറിയപ്പെടുന്ന സലഫി പണ്ഡിതനാണ്. സൗദി അറേബ്യയിലെ അൽഖസീം പ്രവിശ്യയിലെ സുൽഫിയിൽ ഹിജ്റ 1353 റമദാൻ മാസത്തിലാണ് ശൈഖ് ജനിച്ചത്. സുൽഫിയിൽ തന്നെയായിരുന്ന അദ്ദേഹത്തിന്റെ ബാല്യകാലവും പ്രാഥമിക പഠനങ്ങളും. 1368-ൽ സുൽഫിയിലെ പ്രൈമറി പഠന ശേഷം റിയാദിലേക്ക് താമസം മാറുകയും മ-അ്ഹദു റിയാദിൽ ഇൽമിയിലെ പഠനം പൂർത്തിയായതിനു ശേഷം റിയാദിലെ ശരീ-അ കോളേജിൽ ചേരുകയും അവിടുത്തെ പഠനത്തിനു ശേഷം 1379-ൽ ബുറൈദയിലെ മഅ്ഹദുൽ ഇൽമിയിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. 1381-ൽ ശൈഖ് മുഹമ്മദ് ഇബ്രാഹീമിന്റെ ക്ഷണപ്രകാരം അദ്ദേഹം മദീന ഇസ്ലാമിക് യൂണിവേഴ്സിറ്റിയിൽ അദ്ധ്യാപകനായി ചേർന്നു. ഈജിപ്തിൽ നിന്നു മാസ്റ്റർ ബിരുദം കരസ്ഥമാക്കിയ അദ്ദേഹം 1393-ൽ ഫൈസൽ രാജാവിന്റെ നിർദ്ദേശ പ്രകാരം മദീന ഇസ്ലാമിക് യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസലറായി ചുമതലയേറ്റു. ഇസ്ലാമിക ലോകത്ത് വിസ്മരിക്കപ്പെട്ടിരുന്ന പല ഗ്രന്ഥങ്ങളും മദീന ഇസ്ലാമിക് യൂനിവേർസിറ്റിയിൽ ലഭ്യമായത് ശൈഖ് അബ്ബാദിന്റെ ആത്മാർ

ത്ഥമായ പരിശ്രമത്തിന്റെ ഫലമായിരുന്നു എന്ന് മദീന യിലെ പണ്ഡിതന്മാർ പറയുന്നു.

സ്വഹാബത്തിനെക്കുറിച്ചുള്ള അഹ്‌ലുസുന്നത്തി വൽ ജമാ-അത്തിന്റെ വിശ്വാസം, അഹ്‌ലുൽ ബൈ ത്തിന്റെ ശ്രേഷ്ഠത, പ്രതീക്ഷിത മഹ്ദിയെക്കുറിച്ചുള്ള അഹ്‌ലു സുന്നത്തിന്റെ വീക്ഷണം, മദീനയുടെ ശ്രേഷ്ഠ തയും സന്ദർശന മര്യാദകളും, പ്രവാചകന്റെ സ്വഭാവ ങ്ങളിൽ നിന്ന് തുടങ്ങി ഒട്ടനവധി അമൂല്യ ഗ്രന്ഥങ്ങൾ അദ്ദേഹത്തിന്റെ രചനകളിൽപ്പെട്ടതാണ്.

മസ്ജിദുന്നബവിയിൽ അദ്ദേഹം വർഷങ്ങളായി നടത്തിക്കൊണ്ടിരിക്കുന്ന ദർസുകളിൽ അൽഫിയത്തു സുയൂത്വി, സ്വഹീഹുൽ ബുഖാരി, സുനനുന്നസാഈ, സുനനു അബീദാവൂദ്, അൽഖൈറുവാനിയ, ലുഅ്‌ലു അ് വൽമർജാൻ തുടങ്ങിയ ഗ്രന്ഥങ്ങൾ വിശദീകരിക്ക പ്പെട്ടിട്ടുണ്ട്. അവയുടെ കാസറ്റുകൾ ലഭ്യമാണ്.

**************

## ആമുഖം

بسم الله الرحمن الرحيم

الحمد لله رب العالمين، الرحمن الرحيم، مالك يوم الدين، اللهم صل على محمد وعلى آل محمد، كما صليت على إبراهيم وعلى آل إبراهيم إنك حميد مجيد، اللهم بارك على محمد وعلى آل محمد، كما باركت على إبراهيم وعلى آل إبراهيم إنك حميد مجيد، اللهم ارض عن الصحابة الكرام، ومن تبعهم بإحسان، أما بعد:

അല്ലാഹു തന്റെ അടിമകൾക്ക് കണക്കാക്കാൻ കഴിയാത്ത വിധം നിരവധി അനുഗ്രഹങ്ങളാണ് നൽകിയിട്ടുള്ളത്. എന്നാൽ മനുഷ്യവർഗ്ഗത്തിനും ജിന്നുവർഗ്ഗത്തിനും അല്ലാഹു നൽകിയ അനുഗ്രഹങ്ങളിൽ ഏറ്റവും മഹത്തായ അനുഗ്രഹമാണ് തന്റെ ദാസനും സൃഷ്ടികളിൽ ഏറ്റവും ഉത്തമനും, തന്റെ ഖലീലും (കൂട്ടുകാരനും) ഹബീബും (പ്രിയപ്പെട്ടവനും)മായ മുഹമ്മ

ദ് നബി(ﷺ)യെ പ്രവാചകനായി നിയോഗിച്ചു എന്നുള്ളത്. അതെ, മനുഷ്യരേയും ജിന്നുവർഗ്ഗത്തേയും അന്ധകാരങ്ങളിൽ നിന്നും പ്രകാശത്തിലേക്ക് നയിക്കാൻ; സൃഷ്ടികൾക്ക് ആരാനകൾ അർപ്പിക്കുന്നതിൽ നിന്നും അവരെ രക്ഷപ്പെടുത്തി സ്രഷ്ടാവിനെ മാത്രം ആരാധിക്കുവാനായി അവരെ സജ്ജരാക്കാൻ, നാശത്തിന്റെയും ദൗർഭാഗ്യത്തിന്റേയും വഴികളിൽ നിന്നും അവരെ അകറ്റി വിജയത്തിന്റേയും സൗഭാഗ്യത്തിന്റേയും വഴിയിലേക്ക് അവരെ ആനയിക്കാൻ !!

മേൽപറയപ്പെട്ട മഹത്തായ അനുഗ്രഹത്തെ അല്ലാഹു തന്റെ അജയ്യമായ ഗ്രന്ഥത്തിലൂടെ ഇപ്രകാരം വ്യക്തമാക്കിയിരിക്കുന്നു:

( لَقَدْ مَنَّ اللهُ عَلَى الْمُؤمِنِينَ إِذْ بَعَثَ فِيهِمْ رَسُولاً مِّنْ أَنفُسِهِمْ يَتْلُو عَلَيْهِمْ آيَاتِهِ وَيُزَكِّيهِمْ وَيُعَلِّمُهُمُ الْكِتَابَ وَالْحِكْمَةَ وَإِن كَانُواْ مِن قَبْلُ لَفِي ضَلالٍ مُّبِينٍ ) آل عمران : ١٦٤

**''തീർച്ചയായും സത്യവിശ്വാസികളിൽ അവരിൽ നിന്നു തന്നെയുള്ള ഒരു ദൂതനെ നിയോഗിക്കുക വഴി അല്ലാഹു മഹത്തായ അനുഗ്രഹമാണ് അവർക്ക് നൽകിയിട്ടുള്ളത്. അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങൾ അവർക്ക് ഓതികേൾപ്പിക്കുകയും, അവരെ സംസ്കരിക്കുകയും അവർക്ക് ഗ്രന്ഥവും ജ്ഞാനവും പഠിപ്പിക്കുകയും ചെയ്യുന്ന (ഒരു ദൂതനെ). അവരാകട്ടെ മുമ്പ് വ്യക്തമായ വഴികേടിൽ തന്നെയായിരുന്നു.'' (സൂറ ആലുഇംറാൻ: 164)**

മറ്റൊരു വചനം കൂടി കാണുക:

(هُوَ الَّذِي أَرْسَلَ رَسُولَهُ بِالْهُدَى وَدِينِ الْحَقِّ لِيُظْهِرَهُ عَلَى الدِّينِ كُلِّهِ وَكَفَى بِاللَّهِ شَهِيدًا) سورة الفتح : ٢٨

**''സന്മാർഗ്ഗവും സത്യമതവുമായി തൻെറ റസൂലിനെ നിയോഗിച്ചത് അവനാകുന്നു. അതിനെ എല്ലാ മതത്തി നും മീതെ തെളിയിച്ചു കാണിക്കാൻ വേണ്ടി. സാക്ഷി യായിട്ട് അല്ലാഹു തന്നെ മതി.'' (സൂറ ഫത്ഹ്: 28)**

പ്രവാചകൻ (ﷺ) തന്നിലർപ്പിതമായ ദൗത്യം എ ത്തിച്ചുകൊണ്ട് തൻെറ ഉത്തരവാദിത്വം പൂർണ്ണമായി നിർവ്വഹിച്ചു. തൻെറ സമുദായത്തോടുള്ള ഗുണകാം ക്ഷയോടെ അവർക്ക് സന്തോഷമറിയിക്കുകയും അവ രെ താക്കീത് ചെയ്തു എല്ലാ വിധ നന്മകളിലേക്കും അ വരെ നയിച്ച അദ്ദേഹം എല്ലാ വിധ തിന്മകളിൽ നിന്നും അവരെ വിലക്കുകയും ചെയ്തു. തൻെറ വിയോഗത്തി ന് തൊട്ട്മുമ്പ് അറഫയിൽ നിൽക്കുമ്പോൾ അല്ലാഹു അദ്ദേഹത്തിന് താഴെ പറയുന്ന വചനം അവതരിപ്പിച്ചു:

(الْيَوْمَ أَكْمَلْتُ لَكُمْ دِينَكُمْ وَأَتْمَمْتُ عَلَيْكُمْ نِعْمَتِي وَرَضِيتُ لَكُمُ الإِسْلاَمَ دِينًا ) سورة المائدة : ٣

**''ഇന്നു ഞാൻ നിങ്ങൾക്ക് നിങ്ങളുടെ മതം പൂർത്തി യാക്കി തന്നിരിക്കുന്നു. എൻെറ അനുഗ്രഹം നിങ്ങൾ ക്കു ഞാൻ നിറവേറ്റിത്തരികയും ചെയ്തിരിക്കുന്നു, ഇസ്ലാമിനെ ഞാൻ നിങ്ങൾക്ക് മതമായി തൃപ്തിപ്പെ ട്ടുതരികയും ചെയ്തിരിക്കുന്നു.'' (സൂറ മാഇദ: 3)**

## തിരുനബി(ﷺ)യുടെ പേരിലുള്ള സ്വലാത്തിൻെറ ശ്രേഷ്ഠതകൾ

പ്രവാചകൻ (ﷺ) തന്റെ സമുദായത്തിൻെറ സൗഭാഗ്യത്തിൽ അങ്ങേയറ്റം ആഗ്രഹവും താൽപര്യവും പ്രകടിപ്പിച്ചു. അല്ലാഹു പ്രവാചകൻ(ﷺ)യുടെ മഹനീയ സ്വഭാവഗുണമായി ഇപ്രകാരം അത് നമ്മെ അറിയിക്കുകയും ചെയ്തു:

( لَقَدْ جَاءَكُمْ رَسُولٌ مِّنْ أَنفُسِكُمْ عَزِيزٌ عَلَيْهِ مَا عَنِتُّمْ حَرِيصٌ عَلَيْكُم بِالْمُؤْمِنِينَ رَءُوفٌ رَّحِيمٌ )

سورة التوبة: ١٢٨

**''തീർച്ചയായും നിങ്ങൾക്കിതാ നിങ്ങളിൽ നിന്നുതന്നെയുള്ള ഒരു ദൂതൻ വന്നിരിക്കുന്നു. നിങ്ങൾ കഷ്ടപ്പെടുന്നത് സഹിക്കാൻ കഴിയാത്തവനും, നിങ്ങളുടെ കാര്യത്തിൽ അതീവ താൽപര്യമുള്ളവനും സത്യവിശ്വാസികളോട് അത്യന്തം ദയാലുവും കാരുണ്യവാനുമാണ് അദ്ദേഹം.'' (സൂറ തൗബ: 128)**

അതത്രെ പ്രവാചകൻ(ﷺ) തൻെറ സമൂഹത്തോടുള്ള ഗുണകാംക്ഷയോടെ യത്നിച്ച്, ദൗത്യനിർവ്വഹണത്തിലൂടെയും ഉത്തരവാദിത്വ പൂർത്തീകരണത്തിലൂടെയും നിർവ്വഹിച്ചത്. അതാകട്ടെ അല്ലാഹു നമുക്ക് വ്യക്തമാക്കിത്തരികയും ചെയ്തു.

അല്ലാഹു പറയുന്നു:

( وَمَا عَلَى الرَّسُولِ إِلَّا الْبَلَاغُ الْمُبِينُ ) سورة النـور : ٥٤

**''റസൂലിൻെറ ബാധ്യത വ്യക്തമായ പ്രബോധനം മാത്രമാകുന്നു.'' (സൂറ നൂർ: 54)**

( فَهَلْ عَلَى الرُّسُلِ إِلاَّ الْبَلاغُ الْمُبِينُ ) سورة النحل : ٣٥
**''പ്രവാചകന്മാരുടെമേൽ വ്യക്തമായ പ്രബോധനമല്ലാതെ മറ്റുവല്ല ബാധ്യതയുമുണ്ടോ?'' (സൂറ നഹ്ൽ: 35)**

ഇമാം ബുഖാരി (رضي الله عنه) സുഹ്‌രി ( رضي الله عنه)വിൽനിന്ന് തൻെറ സ്വഹീഹിൽ ഇപ്രകാരം രേഖപ്പെടുത്തിയത് കാണുക:

ومن الله الرسالة وعلى الرسول البلاغ وعليناالتسليم

(صحيح البخاري ٦/ ٢٧٣٧)
**''അല്ലാഹുവിൻെറ ബാധ്യതയാണ് സന്ദേശം നൽകൽ, അത് എത്തിക്കലാണ് പ്രവാചകൻെറ ബാധ്യത, അതിന് കീഴ്പ്പെട്ട് ജീവിക്കലാണ് നമ്മുടെമേലുള്ള ബാധ്യത.'' (സ്വഹീഹുൽ ബുഖാരി 6/2737)**

പ്രവാചകൻ (ﷺ) കൊണ്ടുവന്ന നിയമനിർദ്ദേശങ്ങൾ ഉൾക്കൊണ്ട് അതിന് കീഴ്പ്പെട്ട് ജീവിക്കലാണ് സൗഭാഗ്യത്തിൻെറ അടയാളം.

ഖുർആൻ പറയുന്നത് കാണുക:

( فَلاَ وَرَبِّكَ لاَ يُؤْمِنُونَ حَتَّىَ يُحَكِّمُوكَ فِيمَا شَجَرَ بَيْنَهُمْ ثُمَّ لاَ يَجِدُواْ فِي أَنفُسِهِمْ حَرَجًا مِّمَّا قَضَيْتَ وَيُسَلِّمُواْ تَسْلِيمًا ) سورة النساء: ٦٥

''ഇല്ല, നിൻെറ രക്ഷിതാവിനെ തന്നെയാണെ സത്യം; അവർക്കിടയിൽ ഭിന്നതയുണ്ടായ കാര്യത്തിൽ അവർ നിന്നെ വിധികർത്താവാക്കുകയും, നീ വിധി കൽപ്പിച്ച തിനെപ്പററി പിന്നീടവരുടെ മനസ്സുകളിൽ ഒരു വിഷമ വും തോന്നാതിരിക്കുകയും അത് പൂർണ്ണമായി സമ്മ തിച്ച് അനുസരിക്കുകയും ചെയ്യുന്നതുവരെ അവർ വി ശ്വാസികളാവുകയില്ല.'' (സൂറ നിസാഅ്: 65)

( وَمَا كَانَ لِمُؤْمِنٍ وَلَا مُؤْمِنَةٍ إِذَا قَضَى اللَّهُ وَرَسُولُهُ أَمْرًا أَن يَكُونَ لَهُمُ الْخِيَرَةُ مِنْ أَمْرِهِمْ وَمَن يَعْصِ اللَّهَ وَرَسُولَهُ فَقَدْ ضَلَّ ضَلَالًا مُّبِينًا ) سورة الأحزاب : ٣٦

''അല്ലാഹുവും അവൻെറ റസൂലും ഒരു കാര്യത്തിൽ തീരുമാനമെടുത്തു കഴിഞ്ഞാൽ സത്യവിശ്വാസിയായ ഒരു പുരുഷനാകട്ടെ സ്ത്രീക്കാകട്ടെ, തങ്ങളുടെ കാ ര്യത്തെ സംബന്ധിച്ച് സ്വതന്ത്രമായ അഭിപ്രായം ഉണ്ടായിരിക്കാവതല്ല. വല്ലവനും അല്ലാഹുവേയും അ വന്റെ ദൂതനേയും ധിക്കരിക്കുന്ന പക്ഷം അവൻ വ്യ ക്തമായനിലയിൽ വഴി പിഴച്ചു പോയിരിക്കുന്നു.'' (സൂറ: അഹ്സാബ്: 36)

( فَلْيَحْذَرِ الَّذِينَ يُخَالِفُونَ عَنْ أَمْرِهِ أَن تُصِيبَهُمْ فِتْنَةٌ أَوْ يُصِيبَهُمْ عَذَابٌ أَلِيمٌ ) سورة النــور : ٦٣

''ആകയാൽ അദ്ദേഹത്തിൻെറ കൽപ്പനക്ക് എതിര് പ്ര വർത്തിക്കുന്നവർ തങ്ങൾക്ക് വല്ല ആപത്തും വന്നു ഭ വിക്കുകയോ, വേദനയേറിയ ശിക്ഷ ബാധിക്കുകയോ ചെയ്യുന്നത് സൂക്ഷിച്ചു കൊള്ളട്ടെ.'' (സൂറ നൂർ: 63)

**************

## متى تكون العبادة مقبولة

## ആരാധനകൾ സ്വീകരിക്കപ്പെടാൻ

ആരാധനകൾ സ്വീകരിക്കപ്പെടുകയും അല്ലാഹുവിങ്കൽ പ്രയോജനപ്രദവുമാകാൻ അടിസ്ഥാനപരമായും രണ്ടു കാര്യങ്ങൾ ഒത്തു വരേണ്ടതുണ്ട്.

ഒന്ന്: അല്ലാഹവിൻെറ പ്രീതിമാത്രം ഉദ്ദേശിച്ച്, അവനിൽ ഒരിക്കലും മറ്റാരേയും പങ്കുചേർക്കാത്തവിധം (ശിർക്ക് വന്നുപോകാതെ) നിർവ്വഹിക്കലാണ്, രാജാധിപത്യത്തിൽ അവന് മറ്റാരും പങ്കില്ലാത്തത് പോലെ ആരാധനയിലും അവനോട് ആരേയും പങ്കുചേർക്കാൻ പാടില്ല.

അല്ലാഹു പറയുന്നു:

( وَأَنَّ الْمَسَاجِدَ لِلَّهِ فَلَا تَدْعُوا مَعَ اللَّهِ أَحَدًا ) سورة الجن : ١٨

**‘‘പള്ളികൾ അല്ലാഹുവിനുള്ളതാകുന്നു. അതിനാൽ നിങ്ങൾ അല്ലാഹുവോടൊപ്പം ആരെയും വിളിച്ചു പ്രാർത്ഥിക്കരുത്.’’ (സൂറ ജിന്ന്: 18)**

( قُلْ إِنَّ صَلَاتِي وَنُسُكِي وَمَحْيَايَ وَمَمَاتِي لِلَّهِ رَبِّ الْعَالَمِينَ   لَا شَرِيكَ لَهُ وَبِذَلِكَ أُمِرْتُ وَأَنَا أَوَّلُ الْمُسْلِمِينَ ) سورة الأنعام: ١٦٢،١٦٣

**‘‘പറയുക: തീർച്ചയായും എൻെറ പ്രാർത്ഥനയും എൻെറ ആരാധനാകർമ്മങ്ങളും, എൻെറ ജീവിതവും എ**

**ന്റെ മരണവും ലോകരക്ഷിതാവായ അല്ലാഹുവിനുള്ളതാകുന്നു.'' (അൻആം: 162,163)**

രണ്ട്: മുഹമ്മദ് നബി (ﷺ) കൊണ്ടുവന്ന ശരീഅത്തിന് (നിയമങ്ങൾക്ക്) അനുസൃതമായി ആരാധനകൾ നിർവ്വഹിക്കുക എന്നതാണ്.

( وَمَا آتَاكُمُ الرَّسُولُ فَخُذُوهُ وَمَا نَهَاكُمْ عَنْهُ فَانتَهُوا وَاتَّقُوا اللَّهَ إِنَّ اللَّهَ شَدِيدُ الْعِقَابِ ) سورة الحشر :7

**''നിങ്ങൾക്ക് റസൂൽ നൽകിയത് എന്തോ അത് നിങ്ങൾ സ്വീകരിക്കുക. എന്തൊന്നിൽനിന്നും അദ്ദേഹം നിങ്ങളെ വിലക്കിയോ അതിൽനിന്നും നിങ്ങൾ ഒഴിഞ്ഞു നിൽക്കുകയും ചെയ്യുക.'' (സൂറ ഹശ്ർ: 7)**

( قُلْ إِن كُنتُمْ تُحِبُّونَ اللَّهَ فَاتَّبِعُونِي يُحْبِبْكُمُ اللَّهُ وَيَغْفِرْ لَكُمْ ذُنُوبَكُمْ وَاللَّهُ غَفُورٌ رَّحِيمٌ ) سورة آل عمران: ٣١

**''(നബിയേ), പറയുക; നിങ്ങൾ അല്ലാഹുവെ സ്നേഹിക്കുന്നുവെങ്കിൽ നിങ്ങൾ എന്നെ പിന്തുടരുക. എങ്കിൽ അല്ലാഹു നിങ്ങളെ സ്നേഹിക്കുകയും നിങ്ങളുടെ പാപങ്ങൾ പൊറുത്തു തരികയും ചെയ്യുന്നതാണ്. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമത്രെ.'' (ആലു ഇംറാൻ : 31)**

ഇതേ ആശയം നബിവചനങ്ങളിലും നമുക്ക് കാണാവുന്നതാണ്.

مَنْ أَحْدَثَ فِي أَمْرِنَاَ هَذَا مَا لَيْسَ مِنْهُ فَهُوَ رَدٌّ (متفق عليه)

''നമ്മുടെ ഈ കാര്യത്തിൽ (മതകാര്യത്തിൽ) അതിലില്ലാത്തത് ആരെങ്കിലും പുതുതായി ഉണ്ടാക്കിയാൽ അത് തള്ളപ്പെടേണ്ടതാണ്.'' (മുതഫഖുൻ അലൈഹി)

مَنْ عَمِلَ عَمَلاً لَيْسَ عَلَيْهِ أَمْرُنَا فَهُوَ رَدٌّ (البخاري ومسلم )

''നമ്മുടെ കൽപ്പനയില്ലാത്ത വല്ലകർമ്മവും ആരെങ്കിലും പ്രവർത്തിച്ചാൽ അത് തള്ളപ്പെടേണ്ടതാണ്.'' (ബുഖാരി, മുസ്ലിം)

عليكم بسنّتي وسنة الخلفاء الراشدين المهديين عضُّوا عليها بالنواجذ وإياكم و محدثات الأمور فإنّ كل بدعة ضلالة (أبو داود ٤/ ٢٠١ برقم ٤٧٠٧، والترمذي ٥/ ٤٤ برقم ٢٦٧٦)

''നിങ്ങൾ എന്റെ സുന്നത്തും (ചര്യയും) എനിക്ക് ശേഷംവരുന്ന സച്ചരിതരായ ഖലീഫമാരുടെ ചര്യയും പിൻപററുക. അത് നിങ്ങളുടെ അണപ്പല്ലുകൾ കൊണ്ട് കടിച്ചുപിടിക്കുക. നൂതനാചാരങ്ങളെ നിങ്ങൾ കരുതിയിരിക്കുക. നിശ്ചയം നൂതനാചാരങ്ങളെല്ലാം ദുർമാർഗ്ഗമാണ്'' (അബൂദാവൂദ്, 4/201 നമ്പർ: 4707, തിർമിദി 5/44 നമ്പർ: 2676)

## തിരുനബി(ﷺ)യുടെ പേരിലുള്ള സ്വലാത്തിൻെറ ശ്രേഷ്ഠതകൾ

അല്ലാഹു സത്യവിശ്വാസികൾക്ക് അനുഗ്രഹമായി തൻെറ ദൂതനെ നിയോഗിച്ചത് വലിയ അനുഗ്രഹമായതിനാലാണ് അദ്ദേഹത്തിന് വേണ്ടി സ്വലാത്തും സലാമും ചൊല്ലുവാൻ (ഗുണത്തിനും നന്മക്കുമായി പ്രാർത്ഥിക്കുവാൻ) കൽപ്പിച്ചിട്ടുള്ളത്.

അല്ലാഹു പറയുന്നു:

( إِنَّ اللَّهَ وَمَلَائِكَتَهُ يُصَلُّونَ عَلَى النَّبِيِّ يَا أَيُّهَا الَّذِينَ آمَنُوا صَلُّوا عَلَيْهِ وَسَلِّمُوا تَسْلِيمًا ) سورة الأحزاب : ٥٦

**''നിശ്ചയമായും അല്ലാഹുവും അവന്റെ മലക്കുകളും നബിയുടെ മേലിൽ സ്വലാത്ത് ചൊല്ലുന്നു (അല്ലാഹു പ്രവാചകന് ഗുണം നൽകിക്കൊണ്ടിരിക്കുന്നു, മലക്കുകൾ നബി(ﷺ)ക്ക് ഗുണത്തിനായി പ്രാർത്ഥിക്കുന്നു) സത്യവിശ്വാസികളേ, നിങ്ങളും നബിക്ക് വേണ്ടി സ്വലാത്തും സലാമും ചൊല്ലുക.'' (അഹ്സാബ്: 56)**

നബി(ﷺ)യും അവിടുത്തെ പരിപാവനമായ സുന്നത്തിലൂടെ സ്വലാത്തിൻെറ ശ്രേഷ്ഠതയും അതിൻെറ രൂപവും അതുമായി ബന്ധപ്പെട്ട വിധികളും നമുക്ക് വിശദീകരിച്ചു തന്നിട്ടുണ്ട്. നബി(ﷺ)യുടെ പേരിലുള്ള സ്വലാത്തിൻെറ അർത്ഥവും അതിൻെറ ശ്രേഷ്ഠതയും രൂപവും ഇവിടെ ചർച്ച ചെയ്യാനാണ് ഞാൻ ഉദ്ദേശിക്കുന്നത്. ശേഷം പ്രാമാണിക രചനകളിൽ സ്വലാത്ത് ചൊല്ലുക എന്ന ഇബാദത്തിൻെറ (ആരാധനയുടെ) രൂപങ്ങ

ളും വിവരിക്കാനാണ് ഞാനാഗ്രഹിക്കുന്നത്. അല്ലാഹു ശരിയായ വിധത്തിൽ വിവരിക്കാൻ അനുഗ്രഹിക്കട്ടെ. അല്ലാഹു നബി(ﷺ)യുടെ മേൽ സ്വലാത്ത് ചൊല്ലുന്നു എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്: അല്ലാഹു മലക്കുക ളോട് നബിയെ പ്രശംസിച്ചുകൊണ്ടിരിക്കുന്നു. എന്നും മലക്കുകൾ നബി(ﷺ)യുടെ മേൽ സ്വലാത്ത് ചൊല്ലു ന്നു എന്നത് നബി(ﷺ)ക്ക് വേണ്ടിയുള്ള പ്രാർത്ഥനയു മാണെന്നാണ് വിശദീകരിക്കപ്പെട്ടിട്ടുള്ളത്. ഇമാം ബു ഖാരി(رضي الله عنه) തൻ്റെ സ്വഹീഹിൽ അബുൽ ആലിയ യിൽനിന്നും അപ്രകാരമാണ് താഴെപറയുന്ന ഖുർആൻ വചനത്തിൻെറ വ്യാഖ്യാനത്തിൽ രേഖപ്പെടുത്തിയിട്ടു ള്ളത്.

( إِنَّ اللَّهَ وَمَلَائِكَتَهُ يُصَلُّونَ عَلَى النَّبِيِّ يَا أَيُّهَا الَّذِينَ آمَنُوا صَلُّوا عَلَيْهِ وَسَلِّمُوا تَسْلِيمًا ) سورة الأحزاب : ٥٦

**“നിശ്ചയമായും അല്ലാഹുവും മലക്കുകളും നബി (ﷺ)യുടെ മേലിൽ സ്വലാത്ത് ചൊല്ലുന്നു. (അല്ലാഹു പ്രവാചകനെ പ്രശംസിക്കുന്നു. മലക്കുകൾ നബി സ്വ ല്ലല്ലാഹു അലൈഹി വസല്ലമക്ക് ഗുണത്തിനായി പ്രാർ ത്ഥിക്കുന്നു); സത്യവിശ്വാസികളേ നിങ്ങളും നബി (ﷺ)ക്ക് വേണ്ടി സ്വലാത്തും സലാമും ചൊല്ലുക.” (അ ഹ്സാബ്: 56)**

ബുഖാരിയിൽ തന്നെ അബുൽ ആലിയയിൽ നി ന്നുള്ള അഭിപ്രായം രേഖപ്പെടുത്തിയ ശേഷം ഇബ്നു

അബ്ബാസ് (رضي الله عنه)വിൽ നിന്നും താഴെ പറയും പ്രകാരം ഉദ്ധരിക്കുന്നുണ്ട്: يُصَلُّونَ (യുസ്വല്ലൂന) എന്നാൽ يُبَرِّكُونَ (യുബർരികൂന) അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക എന്നാണ് വിവക്ഷ..

ഇബ്നുഹജറുൽ അസ്ഖലാനി (رضي الله عنه) ഒരു സംഘം ആളുകളിൽ നിന്നും, സ്വലാത് കൊണ്ടുള്ള വിവക്ഷ مَغْفِرَةُ (പാപമോചനവും) رَحْمَةُ (കാരുണ്യവും) ആണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ അവക്കെല്ലാം ശേഷം മേൽപറയപ്പെട്ടവയിൽ ഏറ്റവും അനുയോജ്യമായത് അബുൽആലിയ (رضي الله عنه)വിൽ നിന്നും ഉദ്ധരിച്ചതാണെന്നും അദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ട്. അതായത്: അല്ലാഹു നബി(ﷺ)യുടെ മേൽ സ്വലാത്ത് ചൊല്ലുന്നു എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്: അല്ലാഹു മലക്കുകളോട് നബിയെ പ്രശംസിച്ചുകൊണ്ടിരിക്കുന്നു എന്നും മലക്കുകളും മറ്റു സ്വലാത്ത് ചൊല്ലുന്നവരെല്ലാവരും അല്ലാഹുവോട് നടത്തുന്ന പ്രാർത്ഥനയുമാണ് ഉദ്ദേശ്യം. നബി(ﷺ)യെ അല്ലാഹു പ്രശംസിച്ചു കൊണ്ടിരിക്കുന്നതിൽ വർദ്ധനവുണ്ടാകുവാനുള്ള പ്രാർത്ഥന; സ്വലാത്ത് നേരത്തെയുള്ളത് തന്നെയാണ് അതിൽ വർദ്ധനവിനായുള്ള പ്രാർത്ഥന. പുതിയ ഒരു കാര്യത്തിനുള്ള പ്രാർത്ഥനയല്ല. ഇബ്നുഹജറുൽ അസ്ഖലാനി വീണ്ടും ഈ വിഷയത്തിൽ ഹുലൈമിയിൽനിന്നും അദ്ദേഹം ശഅബിൽ നൽകിയിട്ടുള്ള ഒരു ഉദ്ധരണി ഇപ്രകാരം രേഖപ്പെടുത്തുന്നു:

وقال الحليمي في الشعب معنى الصلاة على النبي صلى الله عليه وسلم تعظيمه فمعنى قولنا اللهم صل على محمد عظم محمدا والمراد تعظيمه في الدنيا بإعلاء ذكره وإظهار دينه وابقاء شريعته وفي الآخرة باجزال مثوبته وتشفيعه في أمته وابداء فضيلته بالمقام المحمود وعلى هذا فالمراد بقوله تعالى صلوا عليه ادعوا ربكم بالصلاة عليه

(فتح الباري ١١/ ١٥٦)

‘‘നബി(ﷺ)യുടെ മേലുള്ള സ്വലാത്ത് എന്നാൽ നബി (ﷺ)യെ പുകഴ്ത്തലാണ്. അല്ലാഹുമ്മ സ്വല്ലി അലാ മുഹമ്മദിൻ എന്നാൽ അല്ലാഹുവേ നീ മുഹമ്മദ് നബിയെ പുകഴ്ത്തേണമേ എന്നാണ്. അത് ഐഹിക ജീവിതത്തിൽ അദ്ദേഹത്തിൻെറ പ്രശസ്തി വർദ്ധിപ്പിക്കലും അദ്ദേഹത്തിലൂടെ പൂർത്തീകരിക്കപ്പെട്ട മതത്തിൻെറ സ്വീകാര്യത പ്രകടമാക്കലും (വർദ്ധിപ്പിക്കലും), അദ്ദേഹം നൽകിയ ശരീഅത്തിനെ നിലനിർത്തലുമാണ്. പാരത്രിക ജീവിതത്തിലാകട്ടെ അദ്ദേഹത്തിൻെറ പ്രവർത്തനങ്ങൾക്ക് പ്രതിഫലം നൽകലും, തൻെറ സമുദായത്തിനുള്ള ശുപാർശക്കുള്ള അവസരം നൽകലും, മഖാമൻ മഹ്മൂദൻ എന്ന പദവിയിൽ അദ്ദേഹത്തിനെ ഉന്നതനാക്കലുമാണ്. അതിനാൽ സ്വല്ലൂ അലൈഹി എന്ന് പറയുമ്പോൾ ഇവക്കെല്ലാമുള്ള പ്രാർത്ഥനയാണ്

അതിലടങ്ങിയിട്ടുള്ളത്.'' (ഇബ്നു ഹജറുൽ അസ്ഖലാനിയുടെ ഫത്ഹുൽ ബാരി 11/156)

അല്ലാമാ ഇബ്നുൽഖയ്യിം (رضي الله عنه) തന്റെ ((ജലാഉൽ അഫ്ഹാം ഫിസ്വലാതി അലാഖൈരിൽ അനാം)) എന്ന ഗ്രന്ഥത്തിൽ സ്വലാതിനെ സംബന്ധിച്ച് പറയുന്നത് കാണുക: അല്ലാഹുവും മലക്കുകളും പ്രവാചകൻ (ﷺ)ക്കായി സ്വലാത്ത് ചൊല്ലുന്നു എന്നു പറഞ്ഞതിന് ശേഷം വിശ്വാസികളോടും സ്വലാത്തു ചൊല്ലാൻ കൽപ്പിക്കുന്നു: (സൂറ: അഹ്സാബ്) പ്രസ്തുത വിഷയം; കാരുണ്യത്തിനും പാപമോചനത്തിനുമുള്ള പ്രാർത്ഥനയാണെന്ന അഭിപ്രായങ്ങളെ ഖണ്ഡിച്ചതിന് ശേഷം അദ്ദേഹം പറയുന്നത്: ഇവിടെ അല്ലാഹു കൽപ്പിക്കുന്ന സ്വലാത്ത് അല്ലാഹുവും മലക്കുകളും എന്തൊരു സ്വലാത്താണോ നിർവ്വഹിക്കുന്നത് അതിനായി പ്രാർത്ഥിക്കാനാണ്. അതായത് അദ്ദേഹത്തെ പുകഴ്ത്തുകയും അദ്ദേഹത്തിന്റെ മഹത്വവും ശ്രേഷ്ഠതയും പ്രകടമാക്കലും അദ്ദേഹത്തെ ബഹുമാനിക്കലും അദ്ദേഹത്തിന് അല്ലാഹുവുമായുള്ള സാമീപ്യത്തെ അധികരിപ്പിക്കാൻ ഉദ്ദേശിക്കലുമാണ്. അത് അല്ലാഹു അദ്ദേഹത്തിനു നൽകിയ ആദരവുകളെ എടുത്തു പറയലും അതിന്നായി അല്ലാഹുവോട് തേടലുമാണ്. പ്രസ്തുത തേട്ടത്തേയും പ്രാർത്ഥനയേയുമാണ് ഇവിടെ സ്വലാത്ത് കൊണ്ട് ഉദ്ദേശിക്കുന്നത്.

**സ്വലാത്ത് രണ്ട് വിധമുണ്ട്:**

ഒന്ന്: സ്വലാത്ത് ചൊല്ലുന്നവൻ നബി(ﷺ)യെ പുകഴ്ത്തുകയും അല്ലാഹു അദ്ദേഹത്തിന് നൽകിയ ആദരവുകളും മഹത്വവും എടുത്തു പറയുകയും ചെയ്യലാ

ണ്. അതു മുഖേന അല്ലാഹുവിൻെറ പ്രീതിയും സാമീപ്യവുമാണ് അയാൾ കാംക്ഷിക്കുന്നത്. അപ്പോൾ പ്രകീർത്തനവും പ്രാർത്ഥനയുമായിത്തീരുന്നു.

രണ്ട്: നമ്മുടെ സ്വലാത്തിലൂടെ അല്ലാഹുവോട് നബി(ﷺ)യെ പുകഴ്ത്താനായി ആവശ്യപ്പെടലാണ്. അല്ലാഹു നബി (ﷺ)യെ പുകഴ്ത്തലാവട്ടെ അദ്ദേഹത്തിന്റെ കീർത്തി വർദ്ധിപ്പിക്കാനും അവനോടുള്ള സാമീപ്യം അധികരിപ്പിക്കാനുമാണ്. അപ്പോൾ നമ്മുടെ സ്വലാത്തിലൂടെ അല്ലാഹു നൽകുന്ന സ്വലാത്ത് വർദ്ധിപ്പിക്കാനുള്ള തേട്ടമാണെന്ന് സാരം.

**************

## معنى التسليم على النبي صلى الله عليه وسلّم

## സലാമിന്റെ അർത്ഥം

നബി (ﷺ)യുടെ പേരിലുള്ള സലാം എന്നതു കൊണ്ടുള്ള വിവക്ഷയെ സംബന്ധിച്ച പ്രമുഖ പണ്ഢിതനായ മജ്ദ്ഫൈറൂ സാ ബാദി തന്റെ (അസ്വലവാതു വൽബുഷ്റാ ഫിസ്വലാതി അലാ ഖൈരിൽ ബശർ) എന്ന ഗ്രന്ഥത്തിൽ പറയുന്നത് ഇപ്രകാരമാണ്: സലാം എന്നാൽ അല്ലാഹുവിന്റെ നാമങ്ങളിൽ ഒന്നാണ്, അതിന്റെ അർത്ഥമാകട്ടെ (രക്ഷ) എന്നുമാണ്. അത് താങ്കളിൽ ഉണ്ടാകട്ടെ എന്നാണ് സലാം പറയുമ്പോൾ അർത്ഥമാക്കുന്നത്. അതായത് അല്ലാഹുവിന്റെ അനുഗ്രഹങ്ങളിൽ നിന്നും പുണ്യങ്ങളിൽ നിന്നും താങ്കൾ അകന്നു പോകാതിരിക്കുകയും എല്ലാ പ്രയാസങ്ങളിൽ നിന്നും വിഷമങ്ങളിൽ നിന്നും താങ്കൾ സുരക്ഷിതനാവുകയും ചെയ്യട്ടെ എന്നാണ്. അതോടൊപ്പം എല്ലാവിധ അനുഗ്രഹങ്ങളേയും നന്മകളേയും അവൻ ഓർക്കുകയും പ്രയാസങ്ങളിൽനിന്നും വിഷങ്ങളിൽ സുരക്ഷ ലഭിക്കാൻ അവൻ ആശിക്കുകയും ചെയ്യുന്നു. അപ്പോൾ സലാം പറയുമ്പോൾ അല്ലാഹുവിന്റെ വിധികളിൽ താങ്കൾക്ക് സുരക്ഷ ലഭിക്കട്ടെ എന്നും താങ്കൾ സുരക്ഷിതനായിരിക്കുന്നു എന്നുമാണ് അതിൽ ഉൾപ്പെട്ടിരിക്കുന്നത്. നീ 'അല്ലാഹുമ്മ സല്ലി അലാ മുഹമ്മദിൻ' എന്നു പറഞ്ഞാൽ, അതിലൂടെ ഉദ്ദേശിക്കുന്നത് അല്ലാ

ഹുവേ മുഹമ്മദ് നബി(ﷺ)ക്ക് അദ്ദേഹം നിർവ്വഹിച്ച തായ ദഅ്വത്തിലും (ഇസ്‌ലാമിനും) അദ്ദേഹത്തിന്റെ ഉമ്മത്തിനും (സമുദായത്തിനും) അദ്ദേഹത്തിൻെറ പ്ര ശസ്തിക്കും എല്ലാവിധ ന്യൂനതകളിൽ നിന്നും നീ സു രക്ഷ നൽകേണമേ. അപ്പോൾ കാലം ദീർഘിക്കും തോറും അദ്ദേഹം നടത്തിയ അതേ ദഅ്വത്ത് തുടർ ന്നു കൊണ്ടിരിക്കുകയും അതിലൂടെ അദ്ദേഹത്തിന്റെ സമുദായം വർദ്ധിച്ചു കൊണ്ടിരിക്കുകയും അദ്ദേഹത്തി ന്റെ പ്രശസ്തി ഏറിക്കൊണ്ടിരിക്കുകയും ചെയ്തുകൊ ണ്ടേയിരിക്കും.

**************

# كيفية الصلاة على النبي صلى الله عليه وسلّم

## സ്വലാത്തിൻെറ രൂപം

സ്വലാത്ത് ചൊല്ലേണ്ടത് എപ്രകാരമായിരിക്കണെമെന്ന് നബി (ﷺ) തൻെറ സ്വഹാബികളുടെ ചോദ്യങ്ങൾക്കുള്ള മറുപടിയായി അവർക്ക് വിവരിച്ചു കൊടുത്തിട്ടുണ്ട്. അതാകട്ടെ ധാരാളം സ്വഹാബികളിലൂടെ നമുക്ക് പഠിപ്പിച്ചു തന്നിട്ടുമുണ്ട്. ബുഖാരിയും മുസ്ലിമും റിപ്പോർട്ട് ചെയ്തിട്ടുള്ള അതിൻെറ രൂപം ഞാൻ ഇവിടെ വിവരിക്കുകയാണ്.

അബ്ദുർറഹ്മാനു ബ്നു അബൂ ലൈല (رضي الله عنه) വിൽ നിന്നും ഇമാം ബുഖാരി (رضي الله عنه) ഇപ്രകാരം റിപ്പോർട്ട് ചെയ്യുന്നു: അദ്ദേഹം പറഞ്ഞു; (എന്നെ കഅബ്ബ്നുഉജ്റ (رضي الله عنه) കണ്ടു മുട്ടിയപ്പോൾ എന്നോടായി അദ്ദേഹം പറഞ്ഞു; നബി(ﷺ)യിൽ നിന്നും എനിക്ക് ലഭിച്ച ഒരു ഹദ്‌യ (പാരിതോഷികം) ഞാൻ താങ്കൾക്ക് സമ്മാനിക്കാം. തുടർന്ന് അദ്ദേഹം പറഞ്ഞു: എങ്ങിനെയാണ് താങ്കൾക്കും കുടുംബത്തിനും സ്വലാത്ത് ചൊല്ലേണ്ടത് സലാം ചൊല്ലേണ്ടത് അ

ല്ലാഹു ഞങ്ങൾക്ക് പഠിപ്പിച്ചു തന്നിട്ടുണ്ട്. അന്നേരം നബി (ﷺ) പറഞ്ഞു: നിങ്ങൾ ഇപ്രകാരം സ്വലാത്ത് ചൊല്ലുക:

اَللهُمَّ صَلِّ عَلَىَ مُحَمَدِ وَعَلَىَ آلِ مُحَمَدِ كَمَا صَلَيْتَ عَلَىَ إبراهيم وعلى آلِ إِبْرَاهِيمْ إِنَّكَ حَمِيدٌ مَجِيدٌ اللهم بَارِكْ عَلَىَ مُحَمَدِ وَعَلَىَ آلِ مُحَمَدِ كَمَا بَارَكْتَ عَلَىَ إِبْرَاهِيمَ وعلى آلِ إِبْرَاهِيمَ إِنَّكَ حَمِيدٌ مَجِيدٌ

(അല്ലാഹുമ്മ സ്വല്ലി അലാ മുഹമ്മദിൻ വഅലാ ആലി മുഹമ്മദിൻ കമാസ്വല്ലയ്ത അലാ ഇബ്റാഹീമ വഅലാ ആലി ഇബ്റാഹീമ ഇന്നക ഹമീദുൻ മജീദ്, അല്ലാഹുമ്മ ബാരിക് അലാമുഹമ്മദിൻ വഅലാ ആലി മുഹമ്മദിൻ കമാബാറക്ത അലാഇബ്റാഹീമ വഅലാ ആലി ഇബ്റാഹീമ ഇന്നക ഹമീദുൻ മജീദ്)

‘‘അല്ലാഹുവേ ഇബ്റാഹീം നബി(عليه السلام)ക്കും അദ്ദേഹത്തിൻെറ കുടുംബത്തിനും നീ ഗുണം നൽ കിയ പോലെ മുഹമ്മദ് നബി(ﷺ)ക്കും കുടുംബത്തിനും നീ ഗുണം നൽകേണമേ. തീർച്ചയായും നീ ഏറ്റവും സ്തുത്യഹനും ശ്രേഷ്ഠവാനുമാകുന്നു, അല്ലാഹുവേ, ഇബ്റാഹീം നബി (عليه السلام)ക്കും അദ്ദേഹത്തിന്റെ കുടുംബത്തിനും നീ അനുഗ്രഹം നൽകിയ പോലെ

മുഹമ്മദ് നബി(ﷺ)ക്കും കുടുംബത്തിനും നീ അനുഗ്രഹം നൽകേണമേ. തീർച്ചയായും നീ ഏറ്റവും സ്തുത്യർഹനും ശ്രേഷ്ഠവാനുമാകുന്നു''.

സൂറത്തുൽ അഹ്സാബിൻെറ വിവരണത്തിലും കഅബ്ബ്നുഉജ്റയിൽ നിന്ന് ഇമാം ബുഖാരി തൻെറ സ്വഹീഹിൽ ഹദീസ് ഉദ്ധരിക്കുന്നുണ്ട്. അതിലെ പദങ്ങൾ താഴെ പറയുംവിധമാണ്: (നബിയേ, അങ്ങേക്ക് സലാം പറയേണ്ടത് എങ്ങിനെയാണെന്ന് ഞങ്ങൾ മനസ്സിലാക്കിയിട്ടുണ്ട്. എന്നാൽ ഞങ്ങൾ എങ്ങിനെയാണ് അങ്ങേക്ക് സ്വലാത്ത് ചൊല്ലേണ്ടത്? അന്നേരം അവിടുന്ന് പറഞ്ഞു: നിങ്ങൾ ഇപ്രകാരം സ്വലാത്ത് ചൊല്ലുക:

اَللهُمَّ صَلِّ عَلَىَ مُحَمَّدِ وَعَلَىَ آلِ مُحَمَّدِ كَمَا صَلَّيْتَ إِنَّكَ حَمِيدٌ مَجِيدٌ اللهم بَارِكْ عَلَىَ مُحَمَّدِ وَعَلَىَ آلِ مُحَمَّدِ كَمَا بَارَكْتَ عَلَىَ إِبْرَاهِيمَ إِنَّكَ حَمِيدٌ مَجِيدٌ

'അല്ലാഹുവേ നീ ഗുണം നൽകിയപോലെ മുഹമ്മദ് നബി (ﷺ)ക്കും കുടുംബത്തിനും നീ ഗുണംനൽകേണമേ, തീർച്ചയായും നീ ഏറ്റവും സ്തുത്യർഹനും ശ്രേഷ്ഠവാനുമാകുന്നു, അല്ലാഹുവേ, ഇബ്റാഹീം നബി (عليه السلام)ക്ക് നീ അനുഗ്രഹം നൽകിയപോലെ മുഹമ്മദ് നബി (ﷺ)ക്കും കുടുംബത്തിനും നീ അനുഗ്രഹം നൽകേണമേ, തീർച്ചയായും നീ ഏറ്റവും സ്തുത്യർഹനും ശ്രേഷ്ഠവാനുമാകുന്നു''.

ഇമാം ബുഖാരി (കിതാബുദ്ദഅവാത്)ലും മുസ്ലിം വിവിധ പരമ്പരയിലും കഅബ് ബ്നുഉജ്റയിൽ നിന്നു വേറെയും ഹദീസുകൾ ഈ വിഷയത്തിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇമാം ബുഖാരി തന്നെ (കിതാബുദ്ദഅവാത്)ൽ അബൂസഈദിൽ ഖുദ്രിയ്യ് (رضي الله عنه) വിൽ നിന്ന് ഇപ്രകാരം ഉദ്ധരിക്കുന്നുണ്ട്:

**ഞങ്ങൾ ചോദിച്ചു: സലാം ഞങ്ങൾക്ക് അറിയാം എന്നാൽ എങ്ങിനെയാണ് ഞങ്ങൾ താങ്കൾക്ക് സ്വലാത്ത് ചൊല്ലേണ്ടത്? നബി (ﷺ) പറഞ്ഞു: നിങ്ങൾ ഇപ്രകാരം സ്വലാത്ത് ചൊല്ലുക:**

**اَللهُمَّ صَلِّ عَلَىَ مُحَمَدِ عبدك ورسولك كَمَا صَلَيْتَ عَلىَ إبراهيم وعلى آلِ إِبْرَاهِيم و بَارِكْ عَلَىَ مُحَمَدِ وَعَلىَ آلِ مُحَمَدِ كَمَا بَارَكْتَ عَلىَ إِبْرَاهِيمَ وعلى آلِ إِبْرَاهِيمَ**

ഇമാം ബുഖാരി (رضي الله عنه) തന്നെ അബൂസഈദിൽ ഖുദ്രിയ്യ് (رضي الله عنه)വിൽ നിന്ന് സൂറത്ത് അഹ്സാബിൻെറ വിവരണത്തിലും മേൽപറയപ്പെട്ട പ്രകാരം ഉദ്ധരിക്കുന്നുണ്ട്.

ഇമാം ബുഖാരി (رضي الله عنه) തന്നെ അബൂ ഹുമൈദു സാഇൗദിയ്യ് (رضي الله عنه)വിൽ നിന്ന് താഴെ പറയും പ്രകാരം മറ്റൊരു രൂപവും ഉദ്ധരിക്കുന്നുണ്ട്: നബി (ﷺ) പറഞ്ഞു: നിങ്ങൾ ഇപ്രകാരം സ്വലാത്ത് ചൊല്ലുക:

اَللهُمَّ صَلِّ عَلَىَ مُحَمَّدٍ وَأزواجه وذرّيته كَمَــــا صَلَّيْتَ عَلىَ إبراهيم وَبَارِكْ عَلَىَ مُحَمَّدٍ وَ وَأزواجه وذرّيته كَمَا بَارَكْتَ عَلىَ إِبْرَاهِيمَ إِنَّكَ حَمِيدٌ مَجِيدٌ

ഇമാം ബുഖാരി (رضي الله عنه) കിതാബുദ്ദഅവാതിലും ഇതേ പദങ്ങളോടെ അബൂഹുമൈദിൽ നിന്നുതന്നെ വേറെയും ഹദീസ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അപ്രകാരം സ്വഹീഹ് മുസ്‌ലിമിലും കാണാവുന്നതാണ്.

ഇമാം മുസ്‌ലിം അബൂമസ്ഊദ് (رضي الله عنه)വിൽ നിന്ന് ഇങ്ങിനെയും റിപ്പോർട്ട് ചെയ്യുന്നുണ്ട്: ((നബി (ﷺ) ഞങ്ങളിലേക്ക് വന്നപ്പോൾ – ഞങ്ങൾ അന്നേരം സഅദ്ബ്നുഉബാദയുടെ സദസ്സിലായിരുന്നു – ബഷീറുബ്നു സഅദ് (رضي الله عنه) നബിയോട് ചോദിച്ചു: നബിയേ, അല്ലാഹു അങ്ങേക്ക് സ്വലാത്തും സലാമും ചൊല്ലുവാൻ കൽപ്പിച്ചിരിക്കുന്നുവല്ലൊ,

എങ്ങിനെയാണ് സലാം പറയേണ്ടതെന്ന് ഞങ്ങൾക്ക് അറിയാം. എന്നാൽ എങ്ങിനെയാണ് ഞങ്ങൾ സ്വലാത്ത് ചൊല്ലേണ്ടത്? അന്നേരം നബി (ﷺ) മൗനമായി ഇരുന്നു. ഞങ്ങൾക്ക് അദ്ദേഹത്തോട് ചോദിക്കേണ്ടതില്ലായിരുന്നു എന്ന് തോന്നിപ്പോയി. പിന്നീട് അവിടുന്ന് പറഞ്ഞു: നിങ്ങൾ ഇപ്രകാരം സ്വലാത്ത് ചൊല്ലുക, സലാം നിങ്ങൾ മനസ്സിലാക്കിയ പോലെയും:

اَللهُمَّ صَلِّ عَلَىَ مُحَمَدِ وَعَلَىَ آلِ مُحَمَدِ كَمَا صَلَيْتَ عَلَىَ إبراهيم وَبَارِكْ عَلَىَ مُحَمَدِ وَعَلَىَ آلِ مُحَمَدِ كَمَا بَارَكْتَ عَلَىَ آل إِبْرَاهِيمَ في العالمين إِنَّكَ حَمِيدٌ مَجِيدٌ والسلام كما علمتم

മേൽ പറയപ്പെട്ട രൂപത്തിലാണ് സ്വഹീഹുൽ ബുഖാരി യിലും സ്വഹീഹ് മുസ്‌ലിമിലും സ്വലാതിൻെറ രൂപങ്ങ ൾ വന്നിട്ടുള്ളത്. കഅബ് ബ്നുഉജ്റ, അബൂസഈദിൽ ഖുദ്‌രിയ്യ്, അബൂഹുമൈദു സ്സാഇദിയ്യ്, അബൂമസ്ഊദ് (رضي الله عنه) എന്നീ നാലു സ്വഹാബികളിൽ നിന്നാണ് ഹദീസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. കഅബ്, അബൂഹുമൈദ് എന്നിവരിൽ നിന്ന് ബുഖാരിയും മു സ്‌ലിമും ഒരു പോലെ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാ തെ അബൂ സഈദിൽ നിന്ന് ബുഖാരി മാത്രവും അ ബൂമസ്ഊദിൽ (رضي الله عنه) നിന്ന് മുസ്‌ലിം (رضي الله عنه) മാത്രവും റിപ്പോർട്ട് ചെയ്തു.

മേൽപറയപ്പെട്ട് നാല് സ്വഹാബികളിൽ നിന്ന് ബുഖാരിക്കും മുസലിമിനും പുറമെ വേറെയും മുഹദ്ദിസുകൾ (ഹദീസ് പൺഢിതന്മാർ) റിപ്പോർട്ട് ചെ യ്തിട്ടുണ്ട്. കഅബബ്നുഉജ്റയിൽ നിന്ന്, അബൂദാവൂദ്, തിർമിദി. നസാഇ, ഇബ്നുമാജ, അഹ്മദ്, ദാരിമി എന്നിവരും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

അബൂസഈദിൽ ഖുദ്രിയ്യ് (رضي الله عنه)വിൽ നിന്ന്, നസാഇയും, ഇബ്നുമാജയും അബൂഹുമൈദ് (رضي الله عنه) വിൽനിന്ന്, അബൂദാവൂദ്, ഇബ്നുമാജ എന്നിവരും റിപ്പോർട്ട് ചെയ്യുന്നുണ്ട്.

അപ്രകാരം തന്നെ അബൂമസ്ഊദുൽ അൻസാരി (رضي الله عنه)വിൽ നിന്ന് അബൂദാവൂദ്, നസാഇ, ദാരിമി എന്നിവരും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മേൽപറയപ്പെട്ട നാലു സ്വഹാബികൾക്ക് പുറമെ ത്വൽഹതുബ്നുഅബ്ദില്ല, അബൂഹുറൈറ, ബുറൈദതുബ്നുഹസ്വീബ്, ഇബ്നുമസ്ഊദ് (رضي الله عنه) എന്നീ സ്വഹാബികളിൽ നിന്നും ഒരു സംഘം മുഹദ്ദിസുകൾ വേറെയും വിവിധ ഹദീസുകളിലൂടെ സ്വലാതിൻെറ രൂപം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**************

## أفضل كيفيات الصلاة على النبي صلى الله عليه وسلّم وأكملها

## സ്വലാത്തിൻെറ ശ്രേഷ്ഠവും പൂർണ്ണവുമായ രൂപം

മേൽപറയപ്പെട്ട രൂപങ്ങൾ നബി(ﷺ)യോട് സ്വഹാബികൾ സ്വലാതിനെ സംബന്ധിച്ച് ചോദിച്ചപ്പോൾ പറഞ്ഞു കൊടുത്ത രീതികളാണ്. അവയെല്ലാം തന്നെ ശ്രേഷ്ഠമായ രീതികൾ തന്നെയാണ്. എന്നാൽ അവയിൽ ഏറ്റവും പൂർണ്ണമായ രൂപം നബി(ﷺ)യുടേയും കുടുംബത്തിന്റേയും പേരിൽ ഇബ്റാഹീം നബി (عليه السلام)യേയും ഉൾപ്പെടുത്തി ചൊല്ലുന്ന രീതിയാണ്. എന്നാൽ നബി (ﷺ) സ്വഹാബികളെ പഠിപ്പിച്ച രൂപങ്ങളിൽ നിന്നും പ്രത്യേകം ശ്രേഷ്ഠമായതിനെ വേർതിരിച്ച പണ്ഡിതരിൽ പെട്ട വ്യക്തിയാണ് ഇബ്നുഹജറുൽ അസ്ഖലാനി (رضي الله عنه) അദ്ദേഹത്തിൻെറ ഫത്ഹുൽ ബാരി എന്ന ഗ്രന്ഥത്തിൽ 11/166ൽ ഇത് രേഖപ്പെടുത്തിയിട്ടുണ്ട്.

എന്നാൽ എനിക്ക് ഈ വിഷയത്തിൽ പറയാനുള്ളത് നബി (ﷺ)തൻെറ അനുചരന്മാരുടെ ചോദ്യങ്ങൾക്ക് മറുപടിയായി പറഞ്ഞു കൊടുത്ത രൂപങ്ങളെല്ലാം ഏറ്റവും ശ്രേഷ്ഠമായ രീതികൾ തന്നെയാണെന്നാണ്. കാരണം അദ്ദേഹം ഏറ്റവും ശ്രേഷ്ഠമായതും ഉന്നതമായതുമല്ലാതെ തനിക്കുവേണ്ടി തിരഞ്ഞെടുക്കുകയില്ല. അതായിരിക്കും അവിടുന്ന് ചിട്ടപ്പെടുത്തുകയും ചെയ്യുക. ഒരാൾ ഏറ്റവും ശ്രേഷ്ഠമായ രൂപത്തിൽ സ്വലാത്ത് ചൊല്ലുമെന്ന് തീരുമാനമെടുത്താൽ അതിനായുള്ള പുണ്യകരമായ രൂപം അവന് ലഭിക്കുക തന്നെ ചെയ്യും. എന്നാൽ ഇക്കാര്യം ഇമാംനവവി(رضي الله عنه) ശരിവെക്കുകയും സ്വലാത്തിൻെറ മേൽപറഞ്ഞതല്ലാതെ വേറെയും രൂപങ്ങൾ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അതിന് തെളിവായി താഴെ പറയുന്ന ഹദീസ് അദ്ദേഹം എടുത്ത് ഉദ്ധരിക്കുകയും ചെയ്യുന്നുണ്ട്:

((من سره أن يكتال بالمكيال الأوفى إذا صلى علينا أهل البيت فليقل اللهم صل على محمد النبي وأزواجه أمهات المؤمنين وذريته وأهل بيته كما صليت على آل إبراهيم إنك حميد مجيد)) (الحديث)

**''ആരെങ്കിലും ഞങ്ങളുടെ നബികുടുംബത്തിന്റെ മേൽ സലാത്ത് ചൊല്ലി പൂർണ്ണമായ അളവിൽ തങ്ങൾക്ക് പ്രതിഫലം ലഭിച്ച് സന്തോഷിക്കണമെന്നാഗ്രഹിക്കുന്നുവെങ്കിൽ അവൻ താഴെ പറയുംവിധം സ്വലാത്ത് ചൊല്ലട്ടെ.**

“അല്ലാഹുമ്മ സ്വല്ലി അലാ മുഹമ്മദിന്നബിയ്യി വ അസ് വാജിഹി ഉമ്മഹാതിൽ മുഅ്മിനീന വ ദുർരിയ്യത്തിഹി വ അഹ്ലി ബയ്തിഹി കമാ സ്വല്ലയ്ത അലാ ആലി ഇബ്റാഹീമ ഇന്നക്ക ഹമീദുൻ മജീദ് ”[1]

**************

[1]എന്നാൽ പ്രസ്തുത ഹദീസ് അൽബാനി ളഈഫ് (ദുർബ്ബല) ഹദീസുകളിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ളഈഫ് അബൂദാവൂദ് 1/27 നമ്പർ: 258 (വിവർത്തകൻ).

## صيغتان مختصرتان للصلاة على النبي صلى الله عليه وسلّم

## സ്വലാത്തിന്റെ ഹ്രസ്വരൂപങ്ങൾ

മുഹദ്ദിസുകൾ (ഹദീസ് പണ്ഡിതന്മാർ) അടക്കമുള്ള മുൻകാല മഹത്തുക്കളെല്ലാം അംഗീകരിക്കുകയും അവരുടെ ഗ്രന്ഥങ്ങളിൽ ഉപയോഗിക്കുകയും ചെയ്തിട്ടുള്ളതായ സ്വലാത്തിന്റെ ഹ്രസ്വരൂപങ്ങളാണ് (( صلى الله عليه وسلّم )) ((عليه الصلاة والسلام)) രണ്ടു രൂപങ്ങൾ. ഈ രണ്ടു രൂപങ്ങൾ നമുക്ക് ഹദീസ് ഗ്രന്ഥങ്ങളിൽ നിറയെ കാണാമെങ്കിലും പണ്ഡിതന്മാരെല്ലാം അവരുടെ രചനകളിൽ പ്രസ്തുത പ്രയോഗങ്ങൾ ഉപയോഗിക്കുന്നതോടൊപ്പം സ്വലാത്തിന്റെ പൂർണ്ണമായ രൂപം തന്നെ ഉപയോഗിക്കലാണ് ഏററവും ഉചിതമായെതെന്ന് വസിയ്യത്ത് ചെയ്തിട്ടുണ്ട്.

ഇബ്നു സലാഹ് തന്റെ ഹദീസ് ഗ്രന്ഥമായ ((ഉലൂമുൽ ഹദീസിൽ)) ഇപ്രകാരം രേഖപ്പെടുത്തുന്നു: ഹദീസ് എഴുതുന്നവർ നബി (ﷺ)യുടെ പേര് രേഖപ്പെടുത്തുമ്പോൾ സ്വലാത്തും സലാമും രേഖപ്പെടുത്തേ

ണ്ടതാണ്. എന്നാൽ അത് ആവർത്തിച്ചു വരുമ്പോൾ സ്വലാത്തിൻെറ രൂപം എഴുതാൻ ആവർത്തന വിരസത തോന്നി എഴുതാൻ വൈമനസ്യം കാണിക്കരുതെന്ന് പ്രത്യേകം ഓർമ്മപ്പെടുത്തുന്നു. ഹദീസ് വിജ്ഞാന ദാഹികൾക്കും പ്രസ്തുത വിഷയത്തിൽ രചന നടത്തുന്നവർക്കും അതിലൂടെ കണക്കറ്റ നേട്ടമാണ് കൈവരാനിരിക്കുന്നത്. വല്ലവനും അതിൽ അശ്രദ്ധ കാണിച്ചാൾ വലിയനന്മയാണ് അതിലൂടെ അവന് നഷ്ടപ്പെടു ന്നത്. അദ്ദേഹം തൻെറ ഉപദേശം അവസാനിപ്പിക്കുന്നത് ഇപ്രകാരമാണ്. അതിനാൽ സ്വലാത്ത് രേഖപ്പെടുത്തുമ്പോൾ താഴെ പറയുന്ന രണ്ട് ന്യൂനത കടന്നുവരാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ഒന്ന്: ഏതെങ്കിലും ഒന്നോ രണ്ടോ അക്ഷരം കൊണ്ട് മതിയാക്കാതിരിക്കുക. ഉദാഹരണം: (സ) എന്ന് എഴുതുന്നത് ഉപേക്ഷിക്കുക.

രണ്ട്: അർത്ഥം പൂർണ്ണമാകാത്ത വിധം ചുരുക്കി എഴുതാതിരിക്കുക. ഉദാ: (സ്വല്ലല്ലാഹു അലൈഹി) എന്ന് മാത്രം എഴുതി വസല്ലം എന്നത് ഒഴിവാക്കി എഴുതാതിരിക്കുക.

ഇമാം നവവി(رضي الله عنه) തന്റെ ((അൽ അദ്കാർ)) എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം എഴുതുന്നു: ആരെങ്കിലും നബി സ്വല്ലല്ലാഹു അലൈഹി വസല്ലമയുടെ പേരിൽ സ്വലാത്ത് ചൊല്ലുന്നുവെങ്കിൽ അവൻ സ്വലാത്തും സലാമും ഉൾപ്പടെയാണ് ചൊല്ലേണ്ടത്. അല്ലാതെ ((صلّى الله عليه)) എന്നോ ((عليه السلام)) എന്നോ മാത്രം ചൊല്ലി ചുരുക്കാതിരിക്കേണ്ടതാണ്.

ഇക്കാര്യം ഇമാം ഇബ്നുകസീർ (رضي الله عنه) തന്റെ ത ഫ്സീറിൽ സൂറത്ത് അഹ്സാബിലെ (يا أيها الذين آمنوا صلواعليه وسلموا تسليما) എന്ന ആയത്തിന്റെ വിവരണം അവസാനിപ്പിക്കുന്നതിന്റെ മുമ്പായി രേഖപ്പെടുത്തിയിട്ടുണ്ട്.

ഫൈറൂസാബാദി തന്റെ ((الصلاة والبشر)) എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തുന്നത് കാണുക: ചില മടി യന്മാരും വിവരമില്ലാത്തവരും സ്വലാത്തിന് പകരം ചില അക്ഷരങ്ങൾ എഴുതാറുള്ളതും വിവരമുള്ളവരിൽ തന്നെ അധികമാളുകളും സ്വലാത്തിന് പകരം എഴുതി വരാറുള്ള (صلعم) (സ) എന്നതും ശരിയായ രീതിയല്ല.

**************

# فضل الصلاة على النبي صلى الله عليه وسلّم

## സ്വലാത്തിൻെറ ശ്രേഷ്ഠത

നബി (ﷺ)യുടെ മേൽ സ്വലാത്ത് ചൊല്ലുന്നതിന്റെ ശ്രേഷ്ഠത വിവരിച്ചു കൊണ്ട് അനേകം ഹദീസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഹാഫിള് ഇസ്മാഈലുബ്നു ഇസ്ഹാഖു ഈ വിഷയം മാത്രം ചർച്ച ചെയ്യുന്ന ഒരു പുസ്തകം തന്നെ രചിച്ചിട്ടുണ്ട്. ഇമാം ബുഖാരി തൻെറ ഗ്രന്ഥത്തിലെ ((കിതാബുദ്ദഅ്വാതിൽ)) ഈ വിഷയത്തിൽ കൊടുത്ത ഹദീസുകൾക്ക് വിവരണം നൽകി ഇബ്നു ഹജറുൽ അസ്ഖലാനി സ്വലാതിൻെറ ശ്രേഷ്ഠത സവിസ്തരം വിവരിക്കുന്നുണ്ട്. നബിചര്യ കൃത്യമായി രേഖപ്പെടുത്തുന്ന ഇബ്നുഹജർ തന്റെ ഗ്രന്ഥത്തിൽ (11/167ൽ) സ്ഥിരീകരിച്ചും വിവരിച്ചും പറഞ്ഞതിനെയാണ് ഞാൻ ഈ കൃതിയിൽ അവലംബമാക്കിയിട്ടുള്ളത്. അല്ലാഹു കൽപ്പനാ രൂപത്തിൽ പറയുകയും സ്വഹാബികൾ അതിൻെറ രൂപം നബി (ﷺ)യോട് ചോദിച്ചു മനസ്സിലാക്കുകയും ചെയതത് തന്നെ അതിന്റെ ശ്രേഷ്ഠതയാണ് വ്യക്തമാക്കുന്നത്. അങ്ങിനെ വ്യക്തമാക്കുന്ന അനേകം ഹദീസുകൾ ഹദീസ് ഗ്രന്ഥങ്ങളിൽ വന്നിട്ടുണ്ട്. എന്നാൽ ഇമാംബുഖാരി ഈ വിഷയത്തിൽ ഹദീസുകൾ ഒന്നും തന്നെ ഉദ്ധരിച്ചിട്ടില്ല. മറ്റു ഹദീസു ഗ്രന്ഥങ്ങളിൽ വന്ന ഹദീ

സുകൾ താഴെ ചേർക്കുന്നു. അബൂഹുറൈറ ( رضي الله عنه)വിൽ നിന്ന് ഇമാംമുസ്ലിം ഉദ്ധരിക്കുന്നു:

عن أبي هريرة :أن رسول الله صلى الله عليه وسلم قال من صلى علي واحدة صلى الله عليه عشرا(صحيح مسلم ١/ ٣٠٦رقم ٤٠٨)

**''അബൂ ഹുറൈറ (رضي الله عنه)വിൽ നിന്ന്: നബി സ്വല്ലല്ലാഹു അലൈഹി വസല്ലമം പറഞ്ഞു: വല്ലവനും എന്റെ പേരിൽ ഒരു സ്വലാത്ത് ചൊല്ലിയാൽ അല്ലാഹു അവനുവേണ്ടി പത്ത് സ്വലാത്ത് ചൊല്ലുന്നതാണ്.'' (സ്വഹീഹ് മുസ്ലിം 1/306 നമ്പർ: 408)**

ഇതേ അർത്ഥത്തിൽ അനസ് (رضي الله عنه)വിൽ നിന്ന് അഹ്മദ്, നസാഇയും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇബ്നുഹിബ്ബാൻ അതിനെ ബലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ അബൂ ബർദതുബ്നു നയ്യാറിൽ നിന്നും അബൂത്വൽഹയിൽ നിന്നും നസാഇയും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മറ്റൊരു ഹദീസിൻെറ പദങ്ങൾ നമുക്ക് ഇപ്രകാരം കണ്ടെത്താം:

عن أبي بردة بن نيار رضي الله عنه قال قال رسول الله

**صلى الله عليه وسلم قال: من صلى علي من أمتي صلاة مخلصا من قلبه صلى الله عليه بها عشر صلوات ورفعه بها عشر درجات وكتب له بها عشر حسنات ومحا عنه عشر سيئات** (رواه النسائي والطبراني صحيح الترغيب ٢/رقم الحديث: ١٦٥٩)

**‘‘അബൂബർദതു ബ്നുനയ്യാർ (رضي الله عنه)വിൽ നിന്ന്**

**നബി (ﷺ) പറഞ്ഞു: എൻെറ ഉമ്മത്തിൽ നിന്നും വല്ല വനും നിഷ്കളങ്ക ഹൃദയത്തോടെ എൻെറ മേൽ ഒരു സ്വലാത്ത് ചൊല്ലിയാൽ അല്ലാഹു അവന് പത്ത് സ്വലാത്ത് ചൊല്ലുകയും അവന് അതു മുഖേന പത്ത് പദവികൾ ഉയർത്തുകയും അതുമൂലം പത്ത് നന്മകൾ രേഖപ്പെടുത്തുകയും പത്ത് പാപങ്ങൾ മായ്ക്കപ്പെടു കയും ചെയ്യുന്നതാണ്.’’ (നസാഇ, ത്വബ്റാനി, അൽ ബാനിയുടെ സ്വഹീഹുത്തർഗീബ് വത്തർഹീബ് 2/ ഹദീസ് നമ്പർ: 1659)**

അബൂത്വൽഹ (رضي الله عنه)വിൽ നിന്നും ഇതേ അർത്ഥത്തിലുള്ള ഹദീസ് നസാഇ ഉദ്ധരിക്കുകയും ഇ ബ്നുഹിബ്ബാൻ അതിനെ ബലപ്പെടുത്തുകയും ചെയ്യു ന്നുണ്ട്. ഇബ്നുഹിബ്ബാനും തിർമിദിയും ഇബ്നു മ സ്ഊദ് (رضي الله عنه)വിൽ നിന്ന് ഉദ്ധരിക്കുകയും ഇ

ബ്നുഹിബ്ബാൻ ബലപ്പെടുത്തുകയും ചെയ്ത മറ്റൊരു ഹദീസ് കാണുക:

عن ابن مسعود رضي الله عنه قال قال رسول الله صلى الله عليه وسلم إن أولى الناس بي يوم القيامة أكثرهم علي صلاة (رواه الترمذي وابن حبان في صحيحهن صحيح الترغيب والترهيب ٢/ رقم الحديث: ١٦٦٨)

**''ഇബ്നുമസ്ഊദ് (رضي الله عنه) വിൽ നിന്ന്; നബി (ﷺ) പറഞ്ഞു: അന്ത്യനാളിൽ എന്നോട് ഏറ്റവും അടുത്തവർ എന്റെമേൽ കൂടുതൽ സ്വലാത്ത് ചൊല്ലിയവരായിരിക്കും.'' (തിർമിദി. ഇബ്നുഹിബ്ബാൻ, സ്വഹീഹുത്തർഗീബ് വത്തർഹീബ് 2/ഹദീസ് നമ്പർ: 1668)**

ഇതിനെ ബലപ്പെടുത്തിക്കൊണ്ട് അബൂഉമാമ (رضي الله عنه) വിൽ നിന്ന് ബൈഹഖി ഇപ്രകാരം റിപ്പോർട്ട് ചെയ്യുന്നുണ്ട്:

عن أبي أمامة رضي الله عنه قال قال رسول الله صلى الله عليه وسلم أكثروا علي من الصلاة في كل يوم الجمعة فإن صلاة أمتي تعرض علي في كل يوم جمعة فمن كان

**أكثرهم علي صلاة كان أقربهم مني منزلة** (رواه البيهقي

صحيح الترغيب والترهيب : ١٦٧٣)

**''(അബൂഉമാമ (رضي الله عنه)വിൽ നിന്ന് നബി (ﷺ) പറഞ്ഞു: നിങ്ങൾ വെള്ളിയാഴ്ചകളിൽ എനിക്കുവേണ്ടി സ്വലാത്തുകൾ അധികരിപ്പിക്കുക. വെള്ളിയാഴ്ചകളിൽ നിങ്ങൾ ചൊല്ലുന്ന സ്വലാത്തുകൾ എനിക്ക് കാണിക്കപ്പെടുന്നതാണ്. ആരാണോ എനിക്കായിസ്വലാത്തുകൾ അധികം ചൊല്ലുന്നത് അവരായിരിക്കും എന്നോട് ഏറ്റവും അടുത്തവർ.'' (ബൈഹഖി, അൽബാനിയുടെ സ്വഹീഹുത്തർഗീബു വത്തർഹീബ്. ഹദീസ് നമ്പർ: 1673)**

ഇബ്നുഹിബ്ബാനും ഹാകിമും ശരിപ്പെടുത്തിയതും അഹ്മദും അബൂദാവൂദും ഔസുബ്നു ഔസ് (رضي الله عنه)വിൽനിന്ന് റിപ്പോർട്ട് ചെയ്യുന്നതുമായ ഹദീസിലും വെള്ളിയാഴ്ചകളിൽ സ്വലാത്തുകൾ അധികരിപ്പിക്കാനുള്ള നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്. അലി (رضي الله عنه) വിൽ നിന്നും അദ്ദേഹത്തിന്റെ മകൻ ഹുസൈൻ (رضي الله عنه)വിൽ നിന്നും ഉദ്ധരിക്കുന്ന മറ്റൊരു ഹദീസ് ശ്രദ്ധിക്കുക:

**وعن حسين رضي الله عنه عن النبي صلى الله عليه وسلم قال البخيل من ذكرت عنده فلم يصل علي** (رواه النسائي

وابن حبان في صحيحه والحاكم وصححه الترمذي، صحيح الترغيب والترهيب للألباني ٢/ حديث : ١٦٨٣)

**"ഹുസൈൻ (رضي الله عنه)വിൽ നിന്ന് നബി (ﷺ) പറഞ്ഞു: എന്റെ പേര് ഒരാളുടെ അടുക്കൽ പറയപ്പെട്ട്, എന്നിട്ട് എന്റെ മേൽ സ്വലാത്ത് ചൊല്ലാത്തവനാണ് പിശുക്കൻ." (നസാഇ, ഇബ്നുഹിബ്ബാൻ, ഹാകിം, തിർമിദി. അൽബാനിയുടെ സ്വഹീഹുത്തർഗീബ് വത്തർഹീബ്: വാള്യം 2, ഹദീസ് നമ്പർ: 1683)**

ഇബ്നുഅബ്ബാസ് (رضي الله عنه)വിൽ നിന്ന് വിവിധ ഹദീസ് ഗ്രന്ഥങ്ങളിൽ വന്ന മറ്റൊരു റിപ്പോർട്ട്:

وعن ابن عباس رضي الله عنهما قال قال رسول الله صلى الله عليه وسلم من نسي الصلاة علي خطىء طريق الجنة (رواه ابن ماجه والطبراني صحيح الترغيب والترهيب للألباني ٢/ حديث : ١٦٨٢)

**"ഇബ്നുഅബ്ബാസ് (رضي الله عنه)വിൽ നിന്ന് നബി (ﷺ) പറഞ്ഞു: എന്റെ മേൽ സ്വലാത്ത് മറന്നു പോകുന്നവൻ സ്വർഗത്തിലേക്കുള്ള വഴിയിൽ പിഴവ് സംഭവിച്ചവനാണ്." (ഇബ്നുമാജ, ത്വബ്റാനി, അൽബാനിയുടെ**

സ്വഹീഹു ത്തർഗീബ് വത്തർഹീബ്:2/ ഹദീസ് നമ്പർ: 1682)

ഇതേ ആശയത്തെ ബലപ്പെടുത്തും വിധം തിർമിദിയിൽ ഇപ്രകാരവും നമുക്ക് കാണാം:

عن أبي هريرة رضي الله عنه قال قال رسول الله صلى الله عليه وسلم رغم أنف رجل ذكرت عنده فلم يصل علي( صحيح الترمذي ٥/ ٥٥٠ رقم الحديث ٣٥٤٥)

''അബൂ ഹുറൈറ(رضي الله عنه)വിൽ നിന്ന്: നബി (ﷺ) പറഞ്ഞു: ഏതൊരാളുടെ അടുക്കൽ, എന്നെക്കുറിച്ചു പറയപ്പെടുകയും എന്നിട്ട് എൻെറ മേൽ സ്വലാത്ത് ചൊല്ലാതിരിക്കുകയും ചെയ്താൽ അവൻ നശിക്കട്ടെ'' (അൽബാനിയുടെ സ്വഹീഹുത്തിർമിദി 5/550 നമ്പ ർ: 3545)

അബൂഹുറൈറ (رضي الله عنه)വിൽ നിന്ന് ഹാകിമും അബൂദർറ് (رضي الله عنه)വിൽ നിന്ന് ത്വബ്റാനിയും റിപ്പോർട്ട് ചെയ്ത താഴെ പറയുന്ന ഹദീസും ഇക്കാര്യം വ്യക്തമാക്കുന്നുണ്ട്.:

قال ومن ذكرت عنده فلم يصل عليك فمات فدخل النار فأبعده الله (صحيح الترغيب والترهب ٢/ رقم الحديث : ٢٤٩١)

‘‘അബൂ ഹുറൈറ رضي الله عنه വിൽ നിന്ന് നബി (ﷺ) പറഞ്ഞു: ഏതൊരാളുടെ അടുക്കൽ, എന്നെക്കുറിച്ചു പറയപ്പെടുകയും എന്നിട്ട് അവൻ എന്റെ മേൽ സ്വലാത്ത് ചൊല്ലാതിരിക്കുകയും ചെയ്താൽ, അവൻ മരണപ്പെട്ടാൽ നരകത്തിൽ പ്രവേശിക്കുന്നതാണ്. അല്ലാഹു അതിനെ (നമ്മിൽ നിന്ന്) അകറ്റുമാറാകട്ടെ.’’ (സ്വഹീഹുത്തർ ഗീബ് വത്തർഹീബ് 2/ ഹദീസ് നമ്പർ: 2491)

കഅബ് ബ്നുഉജ്റ(رضي الله عنه)വിൽ നിന്ന് ഹാകിം ഇപ്രകാരം റിപ്പോർട്ട് ചെയ്യുന്നു:

عن كعب بن عجرة قال قال رسول الله صلى الله عليه وسلم بعد من ذكرت عنده فلم يصل عليك (صحيح الترغيب والترهب ٢/ رقم الحديث : ١٦٧٧)

‘‘കഅബു ബ്നുഉജ്റرضي الله عنه വിൽ നിന്ന് (ﷺ) പറഞ്ഞു: ഏതൊരാളുടെഅടുക്കൽ, എന്നെക്കുറിച്ചു പറയപ്പെടുകയും, എന്നിട്ട് എന്റെ മേൽ സ്വലാത്ത് ചൊല്ലാതിരിക്കുകയും ചെയ്യുന്നുവോ അവൻ എന്നി

**ൽ നിന്നും അകന്നു പോകട്ടെ.'' (സ്വഹീഹുത്തർഗീബ് വത്തർഹീബ് 2/ ഹദീസ് നമ്പർ: 1677)**

ജാബിർ(رضي الله عنه)വിൽ നിന്ന് ത്വബ്റാനി റിപ്പോർട്ട് ചെയ്തിട്ടുള്ളത് ഇപ്രകാരമാണ്:

**عن جابر قال قال رسول الله صلى الله عليه وسلم شقي عبد ذكرت عنده ولم يصل علي** (صحيح أدب المفرد للألباني ١/ ٢٢٤ رقم :٦٤٤)

**''ജാബിർرضي الله عنه വിൽ നിന്ന് നബി (ﷺ) പറഞ്ഞു: ഏതൊരാളുടെ അടുക്കൽ എന്നെക്കുറിച്ച് പറയുകയും ശേഷം അവൻ എൻമേൽ സ്വലാത്ത് ചൊല്ലാതിരിക്കുകയും ചെയ്തുവോ അവൻ ക്ലേശത്തിലായിക്കഴിഞ്ഞു,'' (സ്വഹീഹു അദബുൽ മുഫ്റദ് 1/224 ഹദീസ് നമ്പർ: 644)**

**عن قتادة عن النبي صلى الله عليه وسلم من الجفاء أن أذكر عند الرجل فلا يصلي علي** (عبد الرزاق )

**''ഖതാദ(رضي الله عنه) വിൽ നിന്ന് നബി (ﷺ) പറഞ്ഞു: ഒരാളുടെ അരികിൽ എന്നെ സംബന്ധിച്ച പറയപ്പെടുകയും എന്നിട്ട് അവൻ നിക്കായിസ്വലാത്ത് ചൊല്ലി**

യിട്ടില്ലെ അവനുപിണക്കത്തിലായിക്കഴിഞ്ഞു.'' (അബ്ദുർ റസാഖ്)[2]

ഉബയ്യുബ്നു കഅബ് (رضي الله عنه)വിൽ നിന്ന് ഒരു ഹദീസ് ഇപ്രകാരവും നമുക്ക് കാണാം:

أنّ رجلا قال يا رسول الله إني أكثر الصلاة ، فما أجعل لك من صلاتي ؟ قال ما شئت، قال الثلث، قال ماشئت ، وإن زدت فهو خير – إلى أن قال – أجعل لك كل صلاتي . قال إذا تكفى همك (أخرجه أحمد، صحيح جامع الترمذي ٤/ ٦٣٦ رقم: ٢٤٥٧ )

''ഒരാൾ നബി (ﷺ)യോട് ചോദിച്ചു: ഞാൻ താങ്കളുടെ മേൽ സ്വലാത്ത് അധികരിപ്പിക്കാൻ ഉദ്ദേശിക്കുന്നു; എത്രയാണ് ഞാൻ സ്വലാത്ത് ചൊല്ലേണ്ടത്? അദ്ദേഹം പറഞ്ഞു: നീ ഉദ്ദേശിക്കുന്നത്ര ചൊല്ലുക. എങ്കിൽ (രാത്രിയുടെ) മൂന്നിലൊന്ന്? അദ്ദേഹം പറഞ്ഞു: നീ ഉദ്ദേശിക്കുന്നത്ര ചൊല്ലുക. നീ അതിനേക്കാൾ വർദ്ധിപ്പിച്ചാൽ അത് ഗുണം തന്നെയാണ്. അങ്ങിനെ അദ്ദേഹം, എങ്കിൽ ഞാൻ (രാത്രി മുഴുവനായും) സ്വലാത്ത് ചൊല്ലുമെന്ന് അദ്ദേഹം പറയും വരെ (സംസാരം നീണ്ടുപോയി) എങ്കിൽ നിൻെറ മന:ക്ലേശങ്ങൾ (നീ

[2] എന്നാൽ ഈ ഹദീസ് വിശ്വാസയോഗ്യമല്ല. അൽബാനി തൻെറ ളഈഫിലാണ് ഇത് ചേർത്തിട്ടുള്ളത്. ളഈഫുൽ ജാമിഅ് നമ്പർ: 5287 കാണുക – വിവർത്തകൻ.

**ഞാൻ) അത് മതിയാകുന്നതാണ്.'' (അഹ്മദ്, സ്വഹീ ഹുജാമിഅു തിർമിദി 4/636 ഹദീസ്: 2457)**

കുറ്റമറ്റ ഹദീസുകളാണ് ഇവിടെ ഉദ്ധരിക്കപ്പെട്ട വയെല്ലാം എന്നാൽ ദുർബലമായതും ബലഹീനതക ളുള്ളതുമായ ഹദീസുകൾ നിരവധിയാണ് ഈ വിഷയ ത്തിൽ ഉദ്ധരിക്കപ്പെട്ടിട്ടുള്ളത്. ഇവിടെ ഉദ്ധരിച്ച ബല പ്പെട്ട ഹദീസുകൾ തന്നെ മതിയായതാണ്. മേൽ പറയ പ്പെട്ടവയല്ലാം ഇബ്നുഹജറുൽ അസ്ഖലാനി ( رضي الله عنه) രേഖപ്പെടുത്തിയതാണ്. ഉബയ്യുബ്നു കഅബ് (رضي الله عنه)ൻെറ ഹദീസിൽ പറയപ്പെട്ട (സ്വലാത്ത് അ ധികരിപ്പിക്കുക) എന്നതിൻെറ വിവക്ഷ (പ്രാർത്ഥനയാ ണ്).

**************

## مما ألف في فضل الصلاة على النبي صلى الله عليه وسلّم

## സ്വലാത്തിൻെറ ശ്രേഷ്ഠത വിവരിക്കുന്ന രചനകൾ

മഹത്തരമായ ഈ ആരാധനയിൽ പണ്ഡിതന്മാർ പ്രത്യേകം ശ്രദ്ധയൂന്നുകയും പ്രസ്തുത വിഷയത്തിൽ മാത്രമായി ഗ്രന്ഥരചന നടത്തുകയും ചെയ്തിട്ടുണ്ട്. ഈ വിഷയത്തിൽ ആദ്യമായി ഗ്രന്ഥം രചിച്ചിട്ടുള്ളത് ഹിജ്റ: 282ൽ മരണപ്പെട്ട ഇമാം ഇസ്മാഈലു ബ്നുഇസ്ഹാഖുൽ ഖാളി എന്ന പണ്ഡിതനാണെന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. അദ്ദേഹത്തിൻെറ ഗ്രന്ഥത്തിൻെറ പേര് ((ഫള്ലു സ്വലാതി അലന്നബിയ്യി സ്വല്ലല്ലാഹു അലൈഹി വസല്ലം) എന്നാണ്. നാസിറുദ്ദീൻ അൽബാനിയുടെ പരിശോധനാകുറിപ്പോടെ പ്രസിദ്ധീകരിക്കപ്പെട്ട പ്രസ്തുത ഗ്രന്ഥത്തിൽ കൃത്യമായ നിവേദക പരമ്പരയോടുകൂടി 107 ഹദീസുകൾ അദ്ദേഹം ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതേ വിഷയത്തിൽ തന്നെ പ്രസിദ്ധീകരിക്കപ്പെട്ട ഗ്രന്ഥങ്ങളാണ് ((ഇബ്നുൽ ഖയ്യിം (رضي الله عنه)യുടെ ജലാഉൽ അഫ്ഹാം ഫിസ്വലാതി അലാ ഖൈരിൽ അനാം)), പ്രസിദ്ധ ഭാഷാ നിഘണ്ടുവായ ഖാമൂസിൻെറ കർത്താവായ ((ഫൈറൂ

സാബാദിയുടെ അസ്വലാതു വൽബശറു ഫിസ്വലാതി അലാഖൈരിൽ ബശർ)), ഹിജ്റ: 902ൽ മരണപ്പെട്ട ((സ്വഖാവിയുടെ അൽഖൗലുൽ ബദീഉ ഫിസ്വലാതി അലൽ ഹബീബി ശ്ശഫീഅ്)) എന്നിവയെല്ലാം. സ്വഖാ വി തൻെ ഗ്രന്ഥത്തിന്റെ അവസാനത്തിൽ തിരുനബി (ﷺ)യുടെ പേരിലുള്ള സ്വലാത്ത് സംബന്ധമായി രചി ക്കപ്പെട്ട ഗ്രന്ഥങ്ങളെ പ്രത്യേകം എടുത്ത് പറയുന്നു ണ്ട്. അതിൻെറ മാർജിനിൽ (അറബി കിതാബുകളിൽ പേജിൻെറ ചുറ്റുഭാഗത്ത് ചെരിച്ചു രേഖപ്പെടുത്തുന്ന വിഷയങ്ങൾ) ഇമാം ഇബ്നുൽഖയ്യിം (رضي الله عنه) വി ന്റെ ജലാഉൽ അഫ്ഹാം എന്ന ഗ്രന്ഥം ക്രമമായി എ ടുത്ത് ചേർത്തിട്ടുമുണ്ട്. മൊത്തത്തിൽ പറഞ്ഞാൽ മൂലഗ്രന്ഥത്തേക്കാൾ കൂടുതൽ നേട്ടവും പ്രയോജന വും മാർജിനിൽ രേഖപ്പെടുത്തപ്പെട്ട ഇബ്നുൽ ഖയ്യി മിൻെറ ഗ്രന്ഥമാണെന്ന് പറയാം. യഥാർത്ഥത്തിൽ അ ത് ഒരു ഘനപ്പെട്ട ഗ്രന്ഥം തന്നെയാണ്. ഗ്രന്ഥകാരൻ നബി(ﷺ)യുടെ മേൽ സ്വലാത്ത് ചൊല്ലുക എന്ന ഇബാ ദത്തിനെ മഹത്വപ്പെടുത്തുന്ന നിരവധി ഹദീസുകളാണ് അതിൽ എടുത്ത് ചേർത്തിട്ടുള്ളത്. ശേഷം അതിന്റെ സ്വീകാര്യതയും ദുർബലതയും കർമ്മശാസ്ത്ര പാഠങ്ങ ളും അതിൽ നിന്നും ഗ്രഹിക്കേണ്ട തത്വങ്ങളും പ്രത്യേ കം വിശകലനം ചെയ്തിട്ടുണ്ട്. അതിൻെറ മുഖവുരയി ൽ രേഖപ്പെടുത്തിയ കാര്യങ്ങൾ പ്രത്യേകം പ്രസ്താവ്യ മാണ്: ((പ്രസ്തുത വിഷയത്തിലെ തുല്യതയില്ലാത്ത ഒരു ഗ്രന്ഥമാണിത്. ഇത്രത്തോളം നേട്ടങ്ങളും സൗന്ദ ര്യവും ഈ വിഷയത്തിൽ രേഖപ്പെടുത്തപ്പെട്ട ഹദീസു കളും ഒത്തുചേർന്ന മറ്റൊരു ഗ്രന്ഥം ഇതിന് മുമ്പ് ഈ വിഷയത്തിൽ കാണാൻ കഴിയുകയില്ല. ഹദീസുകൾ അത്രയും അവയുടെ മേന്മകളും സ്വീകാര്യതയും

അവയിലെ വിജ്ഞാനവും അവയിൽ എന്തെങ്കിലും തരത്തിലുള്ള ന്യൂനതകൾ വന്നിട്ടുണ്ടെങ്കിൽ അവയും വ്യക്തമായി വിവരിച്ചിട്ടുണ്ട്. ശേഷം സ്വലാത്താകുന്ന പ്രാർത്ഥനയുടെ രഹസ്യങ്ങളും അതിൻെറ ശ്രേഷ്ഠതയും അവയിൽ അടങ്ങിയ യുക്തിയും തത്വവും ശേഷം അവ ചൊല്ലേണ്ടതായ സ്ഥലങ്ങളും സ്ഥാനവും വിവരിച്ചിട്ടുണ്ട്. പിന്നീട് അത് നിർബന്ധമാണോ അല്ലയോ എന്ന പണ്ഡിത ചർച്ചയും അവയിൽ പ്രാമുഖ്യമുള്ളതും അവഗണിക്കേണ്ടതും ഏതെല്ലാമാണെന്നും അതിന്റെ കാരണവും അതിൽ പ്രത്യേകം വിവരിച്ചിട്ടുണ്ട്. എല്ലാറ്റിലുമുപരിയായി ഗ്രന്ഥരചനയുടെ ലക്ഷ്യവും സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്.)) തിരുനബി (ﷺ) യുടെ പേരിലുള്ള സ്വലാത്തിൻെറ വിഷയത്തിൽ പണ്ഡിതോചിതമല്ലാത്ത, അതിൻെറ ശ്രേഷ്ഠതയും നിർവ്വഹിക്കേണ്ട രീതികളും മാത്രം ശ്രദ്ധിച്ചുകൊണ്ട് നിർവ്വഹിച്ചിട്ടുള്ള രചനയാണ് ((ഹിജ്റ 854ൽ മരണപ്പെട്ട ജസൂലിയുടെ ദലാഇലുൽ ഖൈറാത്ത്)) എന്ന ഗ്രന്ഥം പല നാടുകളിലും പ്രചരിക്കപ്പെട്ട പ്രസ്തുത ഗ്രന്ഥത്തെ സംബന്ധിച്ച് ((കശ്ഫുളുനൂൻ)) എന്ന ഗ്രന്ഥത്തിൻെറ 1/495ാം പേജിൽ ഗ്രന്ഥകർത്താവ് പറയുന്നത് ശ്രദ്ധിക്കുക: ((ശൈഖ് അബൂ അബ്ദുല്ല മുഹമ്മദുബ്നു അബൂബക്കർ ജസൂലിയുടെ ദലാഇലുൽ ഖൈറാത്ത് വശവാരി ഖുൽ അൻവാർ ഫീ ദിക്രി സ്വലാതി അലന്നബിയ്യിൽ മുഖ്താർ)) –ആദ്യം നമുക്കെല്ലാം സന്മാർഗ്ഗം നൽകിയ അല്ലാഹുവിനെ സ്തുതിക്കുന്നു – ഈ ഗ്രന്ഥം നബി(ﷺ)യുടെ പേരിലുള്ള സ്വലാത്തിൻെറ വിഷയത്തിൽ ഒരു ദൃഷ്ടാന്തം തന്നെയാണെന്ന് പറയാം. പാശ്ചാത്യരും പൗരസ്ത്യരുമെല്ലാം ഇത് പാരായണം ചെയ്യൽ ശീലമാക്കിയവരാണ്;

വിശേഷിച്ചും റോമക്കാർ. ചിലരെല്ലാം അതിന് ശറഹുകളും (വിവരണങ്ങളും) തയ്യാറാക്കിയിട്ടുണ്ട് എന്നാൽ അതിനെ സംബന്ധിച്ച് എനിക്ക് പറയാനുള്ളത്: ജനങ്ങളിൽ അധികമാളുകളും കൃത്യമായി അവലംബിക്കാവുന്ന അടിസ്ഥാനങ്ങളിൽ ഊന്നി നിന്നുകൊണ്ടല്ല അതിനെ സ്വീകരിച്ചിട്ടുള്ളതും പാരായണം ചെയ്തുകൊണ്ടിരിക്കുന്നതും. മറ്റുള്ളവരെ അന്ധമായി അനുകരിച്ചുകൊണ്ട് അത് തലമുറകൾ കൈമാറിക്കൊണ്ടിരിക്കുകയാണ് ചെയ്തു വരുന്നത്. ഇക്കാര്യം ശൈഖ് മുഹമ്മദുൽ ഖുളറുൽ ശൻകീതി തന്റെ ((مشتهى الخارف الجاني في رد زلقات التجاني)) ((മുശ്തഹൽ ഹാരിഫുൽ ജാനീഫി റദ്ദിസലാതി തിജാനിൽ ജാനി)) എന്ന ഗ്രന്ഥത്തിൽ തിജാനികളെ എതിർത്തു കൊണ്ട് ഇപ്രകാരം പറയുന്നത് കാണുക: ജനങ്ങൾക്ക് ഇന്ന് താൽപര്യം അൽഭുതങ്ങളിൽ മുഴുകാനാണ്. അതിനായി തിരുനബി(ﷺ)യുടെ പേരിൽ ബുഖാരിയിലും മറ്റും സ്ഥിരപ്പെട്ടുവന്ന സ്വലാത്തുകളെ കയ്യൊഴിച്ചുകൊണ്ട് ദലാഇലുൽ ഖൈറാതിലും മറ്റും അടിസ്ഥാനമില്ലാതെ കൊടുത്തിട്ടു സ്വലാതുകളോടാണ് അവർക്ക് താൽപ്പര്യം, എന്നാൽ ശ്രേഷ്ഠരായ പണ്ഡിതരിൽ നിന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടവ അവയിൽ വളരെ കുറച്ച് മാത്രമാണുള്ളത്. പുതുമകൾ മാത്രമാണ് ആളുകൾ ഇന്ന് ഏറ്റെടുക്കുന്നത്. സത്യത്തിൽ അവർ ശ്രേഷ്ഠമായതാണ് ഉദ്ദേശിച്ചിരുന്നതെങ്കിൽ ബുദ്ധിയുള്ള ഒരാളും നബി(ﷺ)യിൽ നിന്നും റിപ്പോർട്ട് ചെയ്യപ്പെട്ടവ ഒരിക്കലും ഒഴിവാക്കുകയില്ല. അതാകട്ടെ എങ്ങിനെയാണ് ഞങ്ങൾ അങ്ങേക്ക് സ്വലാത്ത് ചൊല്ലേണ്ടത്? എന്ന് ചോദിച്ചപ്പോൾ പറഞ്ഞു കൊടുത്തത് കൂടിയാണ്!! അദ്ദേഹമാ

കട്ടെ തന്നിഷ്ട പ്രകാരം യാതൊന്നും സംസാരിക്കാത്ത, വഹ്‌യിന്റെ അടിസ്ഥാനത്തില്‍ മാത്രം സംസാരിക്കുന്ന വ്യക്തിയും. ഞാന്‍ പറയട്ടെ, ഒരാളും സ്വഹീഹായതല്ലാത്ത ഒരു ഹദീസിലേക്കും സ്വഹീഹിനെ കയ്യൊഴിച്ച് പോവുകയില്ല; പക്ഷെ പ്രത്യക്ഷത്തില്‍ നല്ലവരാണെന്ന് തോന്നിയ ചിലരില്‍നിന്നും അന്ധമായി പരിശോധിക്കാതെ അവ ഉള്‍പ്പെടുത്തിയതായിരിക്കാം എന്ന് നിസ്സംശയം പറയാന്‍ കഴിയും, സുന്നത്തില്‍ സ്ഥിരപ്പെടുകയും സ്വഹാബികളും താബിഉകളും പ്രാവര്‍ത്തികമാക്കുകയും ചെയ്തിട്ടുള്ള വിഷയമാണ് ചൊവ്വായ പാത. അതാണ് സ്വിറാത്തുല്‍ മുസ്തഖീം. അത് മാത്രമാണ് നേരായ മന്‍ഹജ്. അത് അവലംബിക്കുന്നവര്‍ക്ക് പ്രതിഫലം ലഭിക്കുമെന്നതും അതിനെ കയ്യൊഴിക്കുന്നവര്‍ക്ക് പ്രയാസങ്ങളുമായിരിക്കുമെന്നതും ഉറപ്പാണ്. കുറ്റമറ്റ പരമ്പരകളിലൂടെ റിപ്പോര്‍ട്ട് ചെയ്യപ്പെട്ട ഹദീസുകള്‍ അതാണ് നമുക്ക് പഠിപ്പിച്ചുതരുന്നത്.

مَنْ أَحْدَثَ فِي أَمْرِنَا هَذَا مَا لَيْسَ مِنْهُ فَهُوَ رَدٌّ (متفق عليه)

**''നമ്മുടെ ഇക്കാര്യത്തില്‍ (മതകാര്യത്തില്‍) അതിലില്ലാത്തത് ആരെങ്കിലും പുതുതായി ഉണ്ടാക്കിയാല്‍ അത് തള്ളപ്പെടേണ്ടതാണ്.'' (മുത്തഫഖുന്‍ അലൈഹി)**

مَنْ عَمِلَ عَمَلاً لَيْسَ عَلَيْهِ أَمْرُنَا فَهُوَ رَدٌّ (البخاري ومسلم )

**''നമ്മുടെ കല്‍പ്പനയില്ലാത്ത വല്ല കര്‍മ്മവും ആരെങ്കിലും പ്രവര്‍ത്തിച്ചാല്‍ അത് തള്ളപ്പെടേണ്ടതാണ്.'' (ബുഖാരി, മുസ്ലിം)**

عليكم بسنّتي وسنة الخلفاء الراشدين المهديين عضُّوا عليها بالنواجذ وإياكم ومحدثات الأمور فإنّ كل بدعة ضلالة (أبو داود ٤/ ٢٠١ برقم ٤٧٠٧، والترمذي ٥/ ٤٤ برقم ٢٦٧٦)

**''നിങ്ങൾ എന്റെ സുന്നത്തും (ചര്യയും) എനിക്ക് ശേഷം വരുന്ന സച്ചരിതരായ ഖലീഫമാരുടെ ചര്യയും പിൻപറ്റുക. അത് നിങ്ങളുടെ അണപ്പല്ലുകൾ കൊണ്ട് കടിച്ചുപിടിക്കുക. നൂതനാചാരങ്ങളെ നിങ്ങൾ കരുതിയിരിക്കുക. നിശ്ചയം നൂതനാചാരങ്ങളെല്ലാം ദുർമാർഗ്ഗമാണ്'' (അബൂദാവൂദ്, 4/201 നമ്പർ 4707, തിർമിദി 5/44 നമ്പർ : 2676)**

പ്രവാചകൻ (ﷺ) അതിരു ലംഘിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളെ തൻെറ സമൂഹത്തോട് താക്കീതു നൽകുകയും ചെയ്തിട്ടുണ്ട്.

لا تطروني كما أطرت النصارى ابن مريم فإنما أنا عبده فقولوا عبد الله ورسوله (البخاري)

**''നബി (ﷺ) പറഞ്ഞു: നിങ്ങൾ മറിയമിൻെറ മകൻ ഈസായെ ക്രിസ്ത്യാനികൾ അമിതമായി പുകഴ്ത്തിയതു പോലെ എന്നെ നിങ്ങൾ പുകഴത്തരുത്. ഞാൻ അല്ലാഹുവിന്റെ ദാസനാണ്. അതിനാൽ അല്ലാഹുവിന്റെ ദാസനും റസൂലുമെന്ന് (ദൂതനുമെന്ന്) നിങ്ങൾ പറയു**

**ക.'' (ബുഖാരി) ഒരിക്കല്‍ പ്രവാചകനോട് ما شاءَ اللهُ وشِئْتَ (അല്ലാഹുവും നിങ്ങളും ഉദ്ദേശിച്ചതുകൊണ്ട്) എന്ന് സ്വഹാബികളില്‍ ഒരാള്‍ പറഞ്ഞപ്പോള്‍, നബി (ﷺ) ചോദിച്ചത് : أَجعَلتَنِي لله نِدًّ؟ നീ അല്ലാഹുവിനോട് എന്നെ തുല്യനാക്കുകയാണോ? എന്ന് പറഞ്ഞശേഷം ((അല്ലാഹു ഉദ്ദേശിച്ചതിനാല്‍)) എന്ന് മാത്രം പറയുക എന്ന് ഉപദേശിക്കുകയും ചെയ്തു.**

((ദലാഇലുല്‍ ഖൈറാത്ത്)) എന്ന ഗ്രന്ഥത്തില്‍ സഹായാര്‍ത്ഥനയും, പെരുമനടിക്കലും, നിരോധങ്ങള്‍ അനുവദനീയമാക്കലും, നിര്‍മ്മിതഹദീസുകളും, ദുര്‍ബ്ബല ഹദീസുകളും, അതിരുകവിയലുകളും, അല്ലാഹുവും റസൂലും താക്കീതുചെയ്ത വിഷയങ്ങളിലേക്ക് പ്രവേശിക്കലുമെല്ലാം നിറക്കപ്പെട്ടതാണ്. അത് പൂര്‍വ്വികരായ സച്ചരിതരുടെ പാതയില്‍ നിന്നും തെന്നിമാറിയ ഒരു നൂതന രീതിയുമാണ്.

**************

## كيفيات مبتدعة في كتاب ((دلائل الخيرات))

## ദലാഇലുൽ ഖൈറാത്തിലെ നൂതന പ്രതിപാദന രീതി !

ദലാഇലുൽ ഖൈറാത്തിൽ ഗ്രന്ഥകാരൻ പ്രയോഗിച്ച സ്വലാത്തിന്റെ നൂതന രീതികളും ശേഷം അതിൽ ചേർത്തിട്ടുള്ള സ്വലാത്തിന്റെ ശ്രേഷ്ഠത പറയാനായി ചേർത്ത ചില നിർമ്മിത ഹദീസുകളുടെ ഉദാഹരണങ്ങളും നിങ്ങൾക്കുമുമ്പിൽ വ്യക്തമാക്കുവാനാണ് ഞാൻ ഉദ്ദേശിക്കുന്നത്. മനുഷ്യന്റെ നാവു പറയാൻ പോലും മടിക്കുന്നവയാണ് ഹദീസുകൾ എന്ന പേരിൽ ചേർത്തിട്ടുള്ളത്. അവ ശേഷം വിവരിക്കുന്നുണ്ട്,

സ്വലാത്തിന്റെ ചില രീതികൾ കാണുക:

(( اللهم صل على محمد وعلى آل محمد حتى لا يبقى من الصلاة شيء، وارحم محمدا وعلى آل محمد حتى لا يبقى من الرحمة شيء، وبارك على محمد وعلى آل محمد حتى لا

يبقى من البركة شيء، وسلم على محمد وعلى آل محمد حتى لا يبقى من السلام شيء ))
((അല്ലാഹുവേ, ഒരു നന്മയും ബാക്കി നിൽക്കാത്ത വിധം മുഹമ്മദ് നബിയിലും കുടുംബത്തിലും നീ നന്മ ചൊരിയേണമേ, ഒരു കാരുണ്യവും ബാക്കി നിൽക്കാത്ത വിധം മുഹമ്മദ് നബിയിലും കുടുംബത്തിലും നീ കരുണ ചൊരിയേണമേ, ഒരു അനുഗ്രഹവും ബാക്കി നിൽക്കാത്ത വിധം മുഹമ്മദ് നബിയിലും കുടുംബത്തിലും നീ അനുഗ്രഹം ചൊരിയേണമേ, ഒരു രക്ഷയും ബാക്കി നിൽക്കാത്ത വിധം മുഹമ്മദ് നബിയിലും കുടുംബത്തിലും നീ രക്ഷ ചൊരിയേണമേ.))

ഒരു നന്മയും, കാരുണ്യവും, അനുഗ്രഹവും, രക്ഷയും ബാക്കിയില്ലാത്ത വിധം എന്നത് വളരെ മോശമായതും നിരർത്ഥകവുമായ പ്രയോഗമാണ്. മേൽപറയപ്പെട്ടവയൊന്നും ഒരിക്കലും അവസാനിക്കാത്തവയാണ്.

ഒരു കാരുണ്യവും ബാക്കിനിൽക്കാത്ത വിധം എന്ന് എങ്ങിനെയാണ് പ്രസ്തുതഗ്രന്ഥത്തിൻെറ കർത്താവായ ജസൂലിക്ക് പറയാൻ കഴിയുക? അല്ലാഹു സൂറത്ത് അഅ്റാഫ്165ാം വചനത്തിൽ പറഞ്ഞിട്ടുള്ളത്

(ورحمتي وسعت كل شيء) (എൻെറ കാരുണ്യം എല്ലാ വസ്തുക്കളിലും വ്യാപകമായിരിക്കുകയാണ്).

71ാം പേജിൽ പറയുന്നത് കാണുക:

(( اللهم صل على سيدنا محمد بحر أنوارك ومعدن أسرارك، ولسان حجتك، وعروش مملكتك، وإمام حضرتك، وطراز ملكك، وخزائن رحمتك .... إنسان عين الوجود، والسبب في كل موجود ....))

((അല്ലാഹുവേ നിൻെറ പ്രകാശങ്ങളുടെ സമുദ്രമായ, നിന്റെ രഹസ്യങ്ങളുടെ ഖനിയായ, നിൻെറ തെളിവുകളുടെ നാവായ, നിന്റെ രാഷ്ട്രങ്ങളുടെ സിംഹാസ നങ്ങളായ നിന്റെയടുക്കൽ ഹാജറുള്ളവരുടെ നേതാവായ, നിൻെറ അധികാരങ്ങളുടെ അറ്റമായ, നിന്റെ കാരുണ്യത്തിൻെറ ഖജനാവായ...... എല്ലാ വസ്തു ക്കളുടേയും ആൾരൂപമായ, എല്ലാറ്റിൻേറയും കാരണക്കാരനായ ഞങ്ങളുടെ നേതാവായ മുഹമ്മദ് നബിക്ക് നീ ഗുണം ചെയ്യേണമേ.))

640ം പേജിൽ പറയുന്നത് കാണുക:

(( اللهم صل على من تفتقت من نوره الأزهار .....

اللهم صل على من أخضرت من بقية وضوئه الأشجار،

اللهم صل على من فاضت من نوره جميع الأنوار ))

((അല്ലാഹുവേ, (മുഹമ്മദ് നബിക്ക് നീ ഗുണം നൽ കേണമേ): അദ്ദേഹത്തിൽ നിന്നാണ് എല്ലാ പൂക്കളും അവ

യുടെ സൗന്ദര്യം നുകർന്നിട്ടുള്ളത്. എല്ലാ മരങ്ങളുടേയും ഹരിതവർണ്ണം ഏതൊരാളുടെ വുളു ചെയ്ത ബാക്കി വെള്ളത്തിൽ നിന്നാണോ ഉണ്ടായിട്ടുള്ളത് അവന് നീ ഗുണം നൽകേണമേ, അല്ലാഹുവേ എല്ലാ പ്രകാശങ്ങളും ഏതൊരുവനിലെ പ്രകാശത്തിൽ നിന്നാണോ ഉണ്ടായിട്ടുള്ളത് അദ്ദേഹത്തിന് നീ ഗുണം നൽകേണമേ.)) എന്നാൽ മുകളിൽ കാണുന്ന വിധത്തിലുള്ള സ്വലാത്ത് ക്രിത്രിമവും അതിരുകവിയലുമാണ്. പ്രവാചകൻ (ﷺ) പോലും അത് തൃപ്തിപ്പെടുകയില്ല. കാരണം അത്തരം വിഷയങ്ങളെ അദ്ദേഹം എതിർത്തിട്ടുള്ളത് നമുക്ക് ഹദീസ് ഗ്രന്ഥങ്ങളിൽ കാണാം:

**لا تطروني كما أطرت النصارى ابن مريم فإنما أنا عبده فقولوا عبد الله ورسوله** (صحيح البخاري)

**((നിങ്ങൾ മറിയമിൻെറ പുത്രൻ ഈസ(അ)യെ ക്രിസ്ത്യാനികൾ പാടിപ്പുകഴ്ത്തുന്നതു പോലെ എന്നെ പുകഴ്ത്തരുത്, ഞാൻ അല്ലാഹുവിൻെറ ദാസനാണ്. അതുകൊണ്ട് അല്ലാഹുവിന്റെ ദാസനും പ്രവാചകനും എന്ന് നിങ്ങൾ പറയുക)) (ബുഖാരി)**

ജസൂലി തൻെറ ഗ്രന്ഥത്തിൻെറ 144,145 പേജുകളിൽ

പറയുന്ന സ്വലാത്തിൻെറ രൂപം കാണുക:

((اللهم صل على محمد وعلى آل محمد ما سجعت الحمائم، وحمت الحوائم ، وسرحت البهائم، ونفعت التمائم، وشدت العمائم ، ونمت النوائم))

((അല്ലാഹുവേ, മുഹമ്മദ് നബിക്കും അദ്ദേഹത്തിന്റെ കുടുംബത്തിനും പ്രാവുകൾ കുറുകുന്നത് പോലെയും, ഒട്ടകങ്ങൾ സംരക്ഷിക്കപ്പെടുന്നപോലെയും നാൽക്കാലികൾ മേഞ്ഞുനടക്കുന്നപോലെയും, ഉറുക്കുകൾ പ്രയോജനപ്പെടുന്നപോലെയും, തലപ്പാവുകൾ ചുറ്റിക്കെട്ടുന്ന സസ്യങ്ങൾ വളരുന്നപോലെയും (നീ ഗുണം ചെയ്യേണമേ))

ഇവിടെ പറഞ്ഞ (ونفعت التمائم) ((ഉറുക്കുകൾ പ്രയോജനപ്പെടുന്നപോലെ)) ഉറുക്കുകളെ അംഗീകരിക്കുകയും അതിലേക്ക് പ്രേരണ ചെലുത്തലുമാണ്. ഉറുക്ക് പ്രവാചകൻ സ്വല്ലല്ലാഹു അലൈഹി വസല്ലമം നിഷിദ്ധമാക്കിയിട്ടുള്ളതാണ്താനും.

من تعلق تميمة فلا أتمَ الله له (أحمد ، حاكم)
((വല്ലവരും ഉറുക്ക് കെട്ടിയാൽ അല്ലാഹു അവന് പൂർത്തീകരിച്ചുകൊടുക്കുന്നതല്ല)) (അഹ്മദ് ഹാകിം)[3]

[3] ഈ ഹദീസ് ദുർബ്ബലമാണ് അൽബാനിയുടെ ളഈഫുൽ ജാമിഅ്: 5703 നോക്കുക. എന്നൽ ഉറുക്ക് നിഷിദ്ധമാണെന്നത് മറ്റു ഹദീസുകളിൽ നിന്നും വ്യക്തമാകുന്നതാണ്. ഒരു ഹദീസ് താഴെ ചേർക്കുന്നു:

من تعلق تميمة فقد أشرك (أحمد، حاكم صحيح الجامع للألباني : ٦٣٩٤)

((വല്ലവനും ഉറുക്ക് കെട്ടിയാല്‍ അവന്‍ അല്ലാഹുവില്‍ പങ്ക് ചേര്‍ത്തവനായി (ശിര്‍ക്ക് ചെയ്തു)) (അഹ്മദ് ഹാകിം, അല്‍ബാനിയുടെ സ്വഹീഹുല്‍ ജാമിഅ് ഹദീസ് നമ്പര്‍: 6394 – വിവര്‍ത്തകന്‍

# نماذج مما في كتاب دلائل الخيرات

## من الأحاديث الموضوعة

## വ്യാജനിർമ്മിത ഹദീസുകൾ

വളരെയേറെ ദുർബ്ബലമോ വ്യാജ നിർമ്മിതമോ ആയ ധാരാളം ഹദീസുകൾ ((ദലാഇലുൽ ഖൈറാത്ത്)) എന്ന ഗ്രന്ഥത്തിൽ ഗ്രന്ഥകർത്താവ് ഉൾക്കൊള്ളിച്ചിട്ടുണ്ട്. അവയിൽ ചിലത് താഴെ ചേർക്കുന്നു:

പ്രസ്തുത ഗ്രന്ഥത്തിൻെറ 15-ാം പേജിൽ കൊടുത്ത ഒരു ഹദീസ്കാണുക:

" من صلى عليّ صلاة تعظيما لحقي خلق الله - عز وجل - من ذلك القول ملكا له جناح بالمشرق و الآخر بالمغرب ، ورجلاه مقرورتان في الأرض السابعة السفلى وعنقه ملتوية تحت العرش ، يقول الله عز وجل له صل على عبدي كما صلى على نبيي فهو يصلي عليه إلى يوم القيامة"

((എന്നെ ബഹുമാനിച്ച് വല്ലവനും ഒരു സ്വലാത്ത് ചൊല്ലിയാൽ എന്റെ അവകാശം തന്നെ സത്യം അല്ലാഹു ആ വചനം കാരണം ഒരു മലക്കിനെ സൃഷ്ടിക്കുന്നതാണ്; അതിൻെറ ഒരു ചിറക് ഉദയ സ്ഥാനത്തും മറ്റൊന്ന് അസ്തമയ സ്ഥാനത്തുമായിരിക്കും. അതിൻെറ രണ്ട് കാലുകൾ ഏഴാം ഭൂമിക്ക് താഴെ ഉറപ്പിക്കപ്പെട്ടതും അതിന്റെ കഴുത്ത് ഏഴാം ആകാശത്തിന് മുകളിൽ അർശിന് താഴെ (സിംഹാസനത്തിന് താഴെ) വിരിക്കപ്പെട്ട നിലയിലുമായിരിക്കും. അല്ലാഹു അതിനോട് പറയും എൻെറ ദാസൻ പ്രവാചകന് സ്വലാത്ത് ചൊല്ലിയ പോലെ എൻെറ ദാസന് വേണ്ടി നീ സ്വലാത്ത് ചൊല്ലുക. അത് അന്ത്യനാൾ വരെ അവന് വേണ്ടി സ്വലാത്ത് ചൊല്ലിക്കൊണ്ടിരിക്കുന്നതാണ്.))

16 ാം പേജിൽ പറയപ്പെട്ട മറ്റൊരു സ്വലാത്ത്:

((وقال النبي صلى الله عليه وسلم ما من عبد صلى علي إلا خرجت الصلاة مسرعة من فيه ، فلا يبقى بر ولا بحر ولا شرق ولا غرب إلا وتمر به وتقول : أنا صلاة فلان بن فلان صلى على محمد المختار، خير خلق الله فلا يبقى شيء إلا وصلى عليه ويخلق من تلك الصلاة طائر له سبعون ألف جناح ، وفي كل جناح سبعون ألف ريشة، وفي كل ريشة سبعون ألف وجه ، وفي كل وجه

سبعون ألف فم ، في كل فم سبعون ألف لسان يسبح الله تعالى بسبعين ألف لغة، ويكتب الله له ثواب ذلك كله))

((ഏതൊരു ദാസനാണോ എൻെറ മേൽ ഒരു സ്വലാത്ത് ചൊല്ലുന്നത് അത് അവൻെറ വായിൽനിന്ന് അതിവേഗത്തിൽ പുറത്ത് പോയിക്കൊണ്ടല്ലാതെ സംഭവിക്കുന്നില്ല. അതാകട്ടെ എല്ലാ കരയും കടലും, കിഴക്കും പടിഞ്ഞാറും, കടന്ന് ഇപ്രകാരം പറഞ്ഞുകൊണ്ട് കടന്ന് പോയിക്കൊണ്ടിരിക്കും: ((ഞാൻ ഇന്നാലിന്ന വ്യക്തി മനുഷ്യരിൽ ശ്രേഷ്ഠനായ മുഹമ്മദ് നബിക്ക് ചൊല്ലിയ സ്വലാത്താണ്.)) അന്നേരമാകട്ടെ എല്ലാ വസ്തുക്കളും അദ്ദേഹത്തിനായി സ്വലാത്ത് ചൊല്ലിക്കൊണ്ടിരിക്കും. അന്നേരം ആ സ്വലാത്ത് കാരണം അല്ലാഹു ഒരു പക്ഷിയെ സൃഷ്ടിക്കും. അതിന് എഴുപതിനായിരം ചിറകുകളുണ്ടായിരിക്കും, ഓരോ ചിറകിലും എഴുപതിനായിരം തൂവലുകളുണ്ടായിരിക്കും. ഓരോ തൂവലിലും എഴുപതിനായിരം മുഖങ്ങളുണ്ടായിരിക്കും. ഓരോ മുഖത്തും എഴുപതിനായിരം വായകളുണ്ടായിരിക്കും, ഓരോ വായയിലും എഴുപതിനായിരം നാവുകളുണ്ടായിരിക്കും, ഓരോ നാവും എഴുപതി നായിരം ഭാഷകളിൽ അല്ലാഹുവിനെ പ്രകീർത്തിച്ചുകൊണ്ടിരിക്കും. ഇവയുടെയെല്ലാം പ്രതിഫലം അല്ലാഹു അവന്നായി (സ്വലാത്ത് ചൊല്ലിയവന്) എഴുതിവെക്കുന്നതാണ്.)) ഈ രണ്ട് വ്യാജ ഹദീസുകളെ സംബന്ധിച്ച് പണ്ഡിത ശ്രേഷ്ഠനായ ഇബ്നുൽഖയ്യിം (رضي الله عنه) തന്റെ ((അൽമനാറുൽ മുനീഫ്)) എന്ന ഗ്രന്ഥത്തിൽ

രേഖപ്പെടുത്തിയത് ഇപ്രകാരമാണ്: ((ഇവ വ്യാജവും ഇരുൾമൂടിയതും, വക്രമായതും ഹദീസ് നിർമ്മിതവും കൃത്രിമവും അതിരുവിട്ട വർണ്ണനകളുമാണെന്ന് വ്യക്തമാവുന്നു)) ശേഷം ഇതുപോലുള്ള മറ്റു ചില ഹദീസുകളും ഉദ്ധരിച്ച ശേഷം വീണ്ടും പറയുന്നത് കാണുക: ((ഇത്തരത്തിലുള്ളവയെ സംബന്ധിച്ച് നമുക്ക് പ്രത്യേകം ഉണർത്താനുള്ളത് ഇവയെല്ലാം കെട്ടിയുണ്ടാക്കപ്പെട്ടവ തന്നെയാണെന്നാണ്. ഇതു പോലുള്ള വർണ്ണനകൾ ഒരിക്കലും നബി (ﷺ) പറയുകയില്ല. ഇത്തരത്തിലുള്ള കള്ളക്കഥകൾ നമുക്ക് വേറെയും കണ്ടെത്താനാകും. ((വല്ലവനും ലാഇലാഹ ഇല്ലല്ലാഹു എന്ന് പറഞ്ഞാൽ, അതിനാൽ അല്ലാഹു ഒരു പക്ഷിയെ പടക്കുന്നതാണ്. അതിന് എഴുപതിനായിരം നാവുകളുണ്ടായിരിക്കും, ഓരോ നാവും എഴുപതിനായിരം ഭാഷകളിൽ അല്ലാഹുവിനോട് അവനുവേണ്ടി പാപമോചനം തേടിക്കൊണ്ടിരിക്കും. അതുപോലെ വല്ലവനും ഇന്ന കാര്യം പ്രവർത്തിച്ചാൽ അല്ലാഹു അവന് സ്വർഗ്ഗത്തിൽ എഴുപതിനായിരം പട്ടണങ്ങൾ നൽകുന്നതാണ്, ഓരോ പട്ടണത്തിലും എഴുപതിനായിരം കോട്ടകളുണ്ടായിരിക്കും. ഓരോ കോട്ടകളിലും എഴുപതിനായിരം സുന്ദരികളുണ്ടായിരിക്കും.))

ഇത്തരം വർണ്ണനകൾ എഴുതിവിടുന്നവൻ ഒന്നുകിൽ അവന്റെ അജ്ഞതയുടേയും വിഡ്ഢിത്തത്തിന്റേയും ആഴം മുഖേനയായിരിക്കും, അതല്ലെങ്കിൽ അവൻ നിരീശ്വരവാദിയായിരിക്കും. പ്രവാചകന്റെ വ്യക്തിത്വത്തെ ഇടിച്ചുതാഴ്ത്താനാകും അവൻ ഇപ്രകാരം പ്രവർത്തിക്കുന്നത്.)) ഇത് പറഞ്ഞു കൊണ്ടാണ് ശൈഖ് ഇബ്നുൽഖയ്യിം (رضي الله عنه) തന്റെ തൂലിക നിർത്തുന്ന

ത്. മേൽ പറയപ്പെട്ട തരത്തിലുള്ള വ്യാജ നിർമ്മിത ഹദീസുകളുടെ പൊള്ളത്തരം തുറന്നെഴുതിയ ആധുനിക പണ്ഡിതരിലൊരാളാണ്, ശൈഖ് അബുൽഫള്ൽ അബ്ദുല്ലാ സിദ്ദീഖുൽഗമാരീ അവർകൾ. അദ്ദേഹത്തിന്റെ വരികൾ ശ്രദ്ധിക്കുക: ((വ്യാജ നിർമ്മിതങ്ങളായ ഹദീസുകളുടെ കാര്യത്തിൽ ഞാൻ താക്കീതു നൽകുകയാണ്. അവയിൽ പെട്ടതാണ്, ((വല്ലവനും ഇന്നതു പ്രവർത്തിച്ചാൽ അല്ലാഹു അതു കാരണമായി ഒരു പക്ഷിയെ സൃഷ്ടിക്കുകയും അത് അല്ലാഹുവിനെ പ്രകീർത്തിക്കുകയും സ്തുതിക്കുകയും ചെയ്തുകൊണ്ടേയിരിക്കും.)) എന്നതുപോലുള്ള ഹദീസുകൾ. എന്നാൽ ഇവയെല്ലാം ബാത്വിലാണ്. (നിരർത്ഥകങ്ങളാണ്.)) എന്നാൽ ഇത്തരം ഹദീസുകളെ ((ദലാഇലുൽ ഖൈറാത്ത്)) ((ഖവാതിറുൻ ദീനിയ്യ:)) എന്നീ ഗ്രന്ഥങ്ങളിൽ സൂര്യനോളം ജ്വലിച്ചു നിൽക്കുന്നവയാണെന്ന നിലയിലാണ് പ്രശംസിക്ക പ്പെട്ടിട്ടുള്ളത്.

***************

# عظم شأن السنة في نفوس السلف وبيان سر انتصارهم على الأعداء بخلاف حال المسلمين اليوم

## സലഫികളുടെ സുന്നത്തിനോടുള്ള പ്രതിപത്തിയും അവർക്ക് കൈവന്ന നേട്ടങ്ങളും

എൻെറ ഈ രചന സ്വഹാബിയായ കഅബ് ബ്നുഉജ്റ (رضي الله عنه)യുടെ ഹദീസിൻെറ വിവരണത്തോടെ അവസാനിപ്പിക്കാനാണ് ഞാൻ ആഗ്രഹിക്കുന്നത്. എങ്ങിനെയാണ് നബി(ﷺ)ക്ക് സ്വലാത്ത് ചൊല്ലേണ്ടത് എന്ന വിഷയത്തിൽ സ്വഹീഹ്മുസ്ലിമിൽ നിന്ന് ഞാൻ തിരഞ്ഞെടുത്ത ഇരുപത് ഹദീസുകളിൽ പത്തൊമ്പതാമത്തെ ഹദീസാണത്. ((20 ഹദീസുകളുടെ ഉള്ളടക്കവും പരമ്പരകളും)) എന്ന തലക്കെട്ടോടുകൂടി അത് പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. അതിൽ നിന്നുള്ള ചില ഭാഗങ്ങൾ താഴെ ചേർക്കുന്നു. ((കഅബ് ബ്നുഉജ്റ (رضي الله عنه) ഇബ്നു അബീലൈല (رضي الله عنه)യോട്

പറയുന്ന ഭാഗം നമുക്ക് ഇപ്രകാരം കാണാം: ((താങ്കൾക്ക് ഞാനൊരു പാരിതോഷികം നൽകാം)). ഈ വാക്കുകൾ അവർക്ക് നബി(ﷺ)യുടെ സുന്നത്തി നോടുണ്ടായിരുന്ന സ്ഥാനവും അത് അവരുടെ മനസ്സു കളിൽ അത് പഠിക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യുന്നതിൽ ഉണ്ടാക്കിയിരുന്ന വാഞ്ജയുമാണ് അറിയിക്കുന്നത്. അതിനാലാണ് അത് പഠിക്കുന്നതിനും ഉൾക്കൊള്ളുതിനും അബൂലൈലയുടെ മനസ്സിനെ സന്നദ്ധമാക്കാനായി ഒരു പാരിതോഷികം നൽകാം എന്ന വാക്ക് കഅബ് (رضي الله عنه) ഉപയോഗിച്ചതും. കാരണം പൂർവ്വ സൂരികൾ നബിചര്യയുടെ അന്തസ്സത്ത കൃത്യമായും ഉൾക്കൊണ്ടവരും അതിലേക്ക് അങ്ങേയറ്റം താൽപര്യമുള്ളവരുമായിരുന്നു. അത് അവർക്ക് ഏറ്റവും വിലപ്പെട്ട സമ്മാനമായിരുന്നു. ആ നിലക്ക് അത് ഏന്റെടുക്കാനും അതിനെ സ്നേഹിക്കാനും തയ്യാറായ കാരണത്താൽ അവർ ഏവരേക്കാളും ഉൽകൃഷ്ഠ സമൂഹമായിത്തീർന്നു. ലോകം അവരിലേക്ക് ഉറ്റുനോക്കി ക്കൊണ്ടിരുന്നു. അതിനാൽ ശത്രുക്കൾക്കെതിരിൽ അവർക്ക് സഹായങ്ങളും വിജയങ്ങളും സുനിശ്ചിമായിത്തീർന്നു. എവിടെയും പ്രതീക്ഷയും വിജയങ്ങളും അവർക്കായിരുന്നു: ഖുർആനിൻെറ പ്രഖ്യാപനം കൃത്യമായി പുലരുകയായിരുന്നു:

( يَاأَيُّهَا الَّذِينَ آمَنُوا إِن تَنصُرُوا اللَّهَ يَنصُرْكُمْ وَيُثَبِّتْ أَقْدَامَكُم ) سورة محمد : ٧

**‘‘വിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സഹായി ക്കുന്ന പക്ഷം അല്ലാഹു നിങ്ങളെ സഹായിക്കുകയും നിങ്ങളുടെ പാദങ്ങൾ ഉറപ്പിച്ചു നിർത്തുകയും ചെയ്യുന്നതാണ്.’’ (സൂറ മുഹമ്മദ്: 7)**

എന്നാൽ ഇന്ന് മേൽപറയപ്പെട്ടതിന് നേരെ വിപരീതമായ ഒരവസ്ഥയാണ് നാം കാണുന്നത്. മുസ്‌ലിംകളുടെ അവസ്ഥ അത്യധികം ദയനീയവും വേദനാജനകവുമായിരിക്കുന്നു! എവിടേയും അവഗണനയും ശിഥിലീകരണങ്ങളും മാത്രം. മതവിജ്ഞാനങ്ങളോടും അത് പഠിക്കുന്നതിനോടും വിരക്തിയാ ണെല്ലാവർക്കും, വളരെക്കുറച്ചാളുകൾ ഇതിൽ നിന്ന് ഭിന്നമാണെന്നത് മറക്കുന്നില്ല; അവർക്ക് അല്ലാഹു കരുണ ചൊരിയട്ടെ. എന്നാൽ അവർ വളരെക്കുറച്ചുമാത്രം, അക്കാരണത്താൽ തന്നെ ശത്രുക്കൾക്ക് അവരോട് യാതൊരു മതിപ്പുമില്ല. അവർക്ക് യാതൊരുവിധ പരിഗണനയും നൽകപ്പെടുന്നില്ല. അവരുടെ മുൻഗാമികൾ ധീരന്മായിരുന്നുവെങ്കിൽ ഇന്നുള്ളവർ ഭീരുക്കളായിരിക്കുന്നു. അവരുടെ വീടുകളിൽ നിന്നു പോലും ശത്രുക്കൾ അവരെ വേട്ടയാടുന്നു. ശത്രുകരങ്ങളിലൂടെ തങ്ങളുടെ മക്കൾ വളർത്തപ്പെടുന്ന അവസ്ഥ, നാം നമ്മുടെ ബുദ്ധി ഉപയോഗപ്പെടുത്തി മുകളിൽ പറഞ്ഞ ഹദീസിൻെറ ആശയം വിചിന്തനം ചെയ്താൽ സുന്നത്തിന് അവരുടെ മനസ്സുകളിൽ ഉണ്ടായിരുന്ന സ്ഥാനവും അതിന്റെ നേട്ടങ്ങളും കൃത്യമായി ബോധ്യപ്പെടും. അത് അവർക്ക് ഏറ്റവും വിലപ്പെട്ട കനി തന്നെയായിരുന്നു. അവരുടെ പേര് മാത്രം ഉൾക്കൊണ്ട ആധുനിക സമൂഹം! മതത്തിൽ നിന്നവർ അകന്നു. അതിനാൽ മറ്റുള്ളവരാൽ അവർ ഭരിക്കപ്പെടുന്ന ദയനീയാവസ്ഥയും. മുൻഗാമികളേയും ആധുനികരേയും തുലനം ചെയ്ത് ചിന്തി

ക്കുന്ന ഏതൊരാൾക്കും ബോധ്യമാകും മുൻഗാമികളുടെ വിജയ രഹസ്യങ്ങൾ എന്തായിരുന്നു എന്നത്. എണ്ണത്തിൽ കുറവായിരുന്നിട്ടുകൂടി അവർക്ക് ഔന്നത്യവും വിജയങ്ങളുമുണ്ടായി. ഇന്ന് എണ്ണത്തിൽ കൂടുതലുണ്ടായിരുന്നിട്ടുകൂടി ശത്രുക്കളുടെ മുന്നിൽ പരാജയപ്പെടുന്നു.

മുസ്‌ലിംകൾ ഖുർആനിലേക്കും സുന്നത്തിലേക്കും തിരിച്ചുവന്നാലല്ലാതെ അവരുടെ നില മെച്ചപ്പെടുകയില്ല. കടൽകടന്ന് വന്നിട്ടുള്ള, ഇറക്കുമതി ചെയ്യപ്പെട്ട നീചവും മോശവുമായ നിയമങ്ങളാണ് ഇന്ന് അവർ ഏറ്റെടുത്തിട്ടുള്ളത്. മുസ്‌ലിംകൾ അവ വലിച്ചെറിഞ്ഞ് അവരുടെ മനസ്സുകളും നാടുകളും ശുദ്ധീകരിക്കേണ്ടിയിരിക്കുന്നു.

അല്ലാഹു വിശ്വാസികൾക്ക് അതിന് അനുഗ്രഹം ചൊരിയു മാറാകട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.

***നാഥാ, പ്രവാചക കാൽപ്പാടുകൾ പിന്തുടർന്ന് ജീവിക്കാൻ നീ ഞങ്ങളെ സഹായിക്കേണമേ, പരലോകത്ത് സ്വർഗ്ഗം നൽകി നീ ഞങ്ങളെ അനുഗ്രഹിക്കുകയും ചെയ്യേണമേ. (ആമീൻ)***

## وآخر دعوانا أن الحمد لله رب العالمين

****************

## വിഷയസൂചി


| നമ്പർ | വിഷയം | പേജ് |
|---|---|---|
| 1 | വിവർത്തകകുറിപ്പ് | 1 |
| 2 | ആമുഖം | 6 |
| 3 | ആരാധനകൾ സ്വീകരിക്കപ്പെടാൻ | 13 |
| 4 | സലാമിൻെറ അർത്ഥം | 22 |
| 5 | സ്വലാത്തിൻെറ രൂപം | 24 |
| 6 | സ്വലാതിൻെറ ശ്രേഷ്ഠവും പൂർണ്ണവുമായ രൂപം | 31 |
| 7 | സ്വലാത്തിൻെറ ഹ്രസ്വരൂപങ്ങൾ | 34 |
| 8 | സ്വലാത്തിൻെറ ശ്രേഷ്ഠത | 37 |
| 9 | സ്വലാത്തിൻെറ ശ്രേഷ്ഠത വിവരിക്കുന്ന രചനകൾ | 48 |
| 10 | ദലാഇലുൽ ഖൈറാത്തിലെ നൂതന പ്രതിപാദന രീതി | 55 |
| 11 | വ്യാജനിർമ്മിത ഹദീസുകൾ | 60 |
| 12 | സലഫികളുടെ സുന്നത്തിനോടുള്ള പ്രതിപത്തിയും അവർക്ക് കൈവന്ന നേട്ടങ്ങളും | 65 |


ഇസ്‌ലാമിനെക്കുറിച്ച് കൂടുതലറിയാൻ സന്ദർശിക്കുക:

***www.islamhouse.com***